## ആമുഖം

ക്രിസ്തുവിന്റെ വരവും ലോകാവസാനവും പലരും സ്വന്ത ബുദ്ധിയിൽ പ്രവചിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട താണ്, രണ്ടാം നൂറ്റാണ്ടിനൊടുവിൽ ഏഷ്യാമൈനറിലെ ഫ്രിജിയായിൽ മോണ്ടനസ് എന്നയാളുടെ പ്രബോധന ങ്ങളിൽ തുടങ്ങിയ 'നവപ്രവചനം' അഥവാ മോണ്ടനിസം എന്ന പേരിൽ അറിയപ്പെട്ടിരിന്നത്. നേരത്തേ സൈബി ലീദേവിയുടെ പുരോഹിതനായിരുന്ന അദ്ദേഹം അതിന ടുത്ത കാലത്തായിരുന്നു ക്രിസ്തുമതം സ്വീകരിച്ചത്. ജ്ഞാനസ്നാനാവസരത്തിൽ തന്നെ ഭാഷാവരപ്രകട നം നടത്തിയ മോണ്ടനസ് താൻ ദൈവനിയുക്തനായ പ്രവാചകനും ക്രിസ്തു വാഗ്ദാനം ചെയ്ത ആശ്വാസദാ യകനായ പരിശുദ്ധാത്മാവിന്റെ സംവാഹകനും ആ ണെന്നു അവകാശപ്പെട്ടു. 'യേശുവിന്റെ രണ്ടാമത്തെ ആഗമനവും ദൈവരാജ്യവും സമീപിച്ചിരിക്കുന്നെന്നും വെളിപ്പാടു പുസ്തകത്തിൽ പറയുന്ന 'നവയെരുശലേം' പശ്ചിമ-മദ്ധ്യ-ഫ്രിജിയ സമതല ത്തിലെ പെപൂസാ നഗര ത്തിൽ ഉദിക്കാൻ പോകുന്നെന്നും മോണ്ടനസ് പ്രവചി ച്ചു. പ്രവചനം വിശ്വസിച്ച് അനേകർ മോണ്ടനസിസിനെ അനുഗമിച്ച് അദ്ദേഹം താവളമാക്കിയിരുന്ന പെപൂസയി ലേയ്ക്കു പോയതിന്റെ ഫലമായി പല നഗരങ്ങളിലും ജ നവാസമില്ലാതായി. പഴയലോകത്തിന്റെ അന്ത്യം അത്യാ സന്നമെന്നു കരുതിയ ഈ കൂട്ടായ്മ വിവാഹവും കുടും ബജീവിതവും ഉപേക്ഷിച്ചും ആദിമക്രിസ്തീയതയിലെ പ്പോലെ ഉള്ളതെല്ലാം"സാമൂഹ്യമായി പങ്കുവച്ചും ജീവിച്ചു. കാലക്രമേണ ക്ഷയിച്ച് ഇല്ലാതായ മോണ്ടനിസം ഒറ്റപ്പെട്ട കോണുകളിലെങ്കിലും ആറാം നൂറ്റാണ്ടു വരെ നിലനിന്നു. ആറാം നൂറ്റാണ്ടിൽ 'ജസ്റ്റിനിയൻ' ചക്രവർത്തി അതിന്റെ അവശിഷ്ടത്തേയും ഉന്മൂലനം ചെയ്തു. അക്കാലത്ത്

മോണ്ടനിസ്റ്റുകളിൽ ചിലർ സ്വന്തം പള്ളികളിൽ ഒരുമിച്ചു കൂടി അവയ്ക്കു തീവച്ച് കൂട്ട ആത്മഹത്യ നടത്തുക പോലും ചെയ്തു." കേരളത്തിൽ യുയോമയ സഭയുടെ സ്ഥാപകനായ 'യുസ്തുസ് യോസഫ്' കർത്താവിന്റെ പു നരാഗമനത്തിന്റെ ദിവസം കൃത്യമായി കണ്ടെ ത്തി പ്ര സംഗിച്ചയാളാണ്. ഇവരുടെ കൂടെയുണ്ടായിരുന്ന 'കൂടാ രപ്പറമ്പിൽ തൊമ്മൻ' "യേശു ക്രിസ്തു 6 വർഷം കഴി ഞ്ഞ് (1875 മെയ് 30-ലാണു ഈ പ്രവചനം നടത്തുന്നത്) വരുമെന്നും ഏഴാം വർഷം എല്ലാ വിശ്വാസികളേയും ത ന്റെ രാജ്യത്തിലേക്ക് ചേർക്കുമെന്നും" പ്രവചിച്ചു. യുസ് തൂസ് യോസഫും സഹോദരന്മാരും ആ പ്രവചനം വിശ്വ സിച്ചു. കൂടാരപ്പറമ്പിൽ തൊമ്മന്റെ പ്രവചനത്തെ ബൈ ബിളിലെ പ്രവചനങ്ങളുമായി കോർത്തിണക്കി, ജ്യോ ത്സ്യവിദ്വാനായിരുന്ന കുട്ടി അച്ചൻ കാലഗണന നടത്തി. അതനുസരിച്ച്- "1881 ഒക്ടോബർ രണ്ടാം തീയതി കർ ത്താവു തന്റെ സഭയെ ചേർത്തുകൊൾവാൻ വ രും നി ശ്ചയം" എന്നു തന്റെ യോഗങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തു. "എ.ഡി. 2450-നും 2700-നും ഇടയ്ക്കാണ് കർ ത്താവിന്റെ പുനരാഗമനമെന്ന് 'തോമസ് നെൽസൺ' എന്നയാൾ www.worldwarnings.com എന്ന വെബ് സൈറ്റിൽ എഴുതിയിട്ടുണ്ട്." എന്നാൽ തന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്തെന്ന് യേശുക്രി സ്തു പറഞ്ഞിട്ടുണ്ട്. അതിലേക്ക് വെളിച്ചം വീശുന്ന തെ ളിവുകളാണ് ഈ പുസ്തകത്തിൽ ഉള്ളത്. ഓരോരുത്ത രുടെയും വിശ്വാസം വർദ്ധിപ്പിക്കുവാനും പ്രത്യാശയെ പു തുക്കുവാനും ദൈവമായ കർത്താവ് സഹായിക്കട്ടെ യെന്ന് പ്രാർത്ഥിച്ചുകൊണ്ട്;

ക്രിസ്തേശുവിന്റെ ബദ്ധൻ

## ക്രിസ്തുവിൻ്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്തു?

എ.ഡി. 33 ഏപ്രിൽ ഒന്നാം തീയതി ബുധനാഴ്ച വൈകുന്നേരം യെരുശലേം ദൈവാലയത്തിലെ ശുശ്രൂഷകളെല്ലാം അവസാനിപ്പിച്ചു കടന്നുപോകുന്ന യേശുവിനോട് ശിഷ്യന്മാർ; "ദൈവാലയത്തെക്കുറിച്ചു അതു മനോഹരമായ കല്ലുകളാലും വഴിപാടുകളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞപ്പോൾ: യേശു അവരോടു: "ഇതെല്ലാം കാണുന്നില്ലയോ? ഇടിഞ്ഞുപോകാതെ കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" എന്നു പറഞ്ഞു." (മത്താ, 24:1-2, മർക്കൊ, 13:1-2, ലൂക്കൊ, 21:5-6). ശലോമോൻ പണികഴിപ്പിച്ചതും, നാല്പത്താറു സംവത്സരംകൊണ്ട് (യോഹ, 2:20) ഹെരോദാവ് പുതുക്കിപ്പണിഞ്ഞതുമായ ദൈവാലയത്തിൻ്റെ നാശം ലോകാവസാനം തന്നെയായിരിക്കുമെന്നു സംശയിച്ച ശിഷ്യന്മാർ, യേശുവുമൊത്തു ഒലിവുമലയിൽ ഇരിക്കുമ്പോൾ അവനോടപേക്ഷിച്ച കാര്യമാണ് നമ്മുടെ ചിന്തയ്ക്കാധാരമായ വിഷയം; "അതു എപ്പോൾ സംഭവിക്കും എന്നും നിൻ്റെ വരവിന്നും ലോകാവസാനത്തിനും അടയാളം എന്തു എന്നും പറഞ്ഞുതരേണം എന്നു അപേക്ഷിച്ചു." (മത്താ, 24:3, മർക്കൊ, 13:4, ലൂക്കൊ, 21:7). യേശു യെരുശലേമിനെക്കുറിച്ചു വിലപിക്കുകയും, പലവട്ടം അതിൻ്റെ നാശത്തെക്കുറിച്ചു പ്രവചിക്കുകയും ചെയ്തിട്ടുണ്ട്; "അവൻ നഗരത്തിന്നു സമീപിച്ചപ്പോൾ അതിനെ കണ്ടു അതിനെക്കുറിച്ചു കരഞ്ഞു: ഈ നാളിൽ നിൻ്റെ സമാധാനത്തിനുള്ളതു നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു. ഇപ്പോഴോ അതു നിൻ്റെ കണ്ണിന്നു മറഞ്ഞിരിക്കുന്നു. നിൻ്റെ സന്ദർശനകാലം നീ അറിയാഞ്ഞതുകൊണ്ടു നി

ന്റെ ശത്രുക്കൾ നിനക്കു ചുറ്റും വാടകോരി നിന്നെ വള ഞ്ഞു നാലുപുറത്തും ഞെരുക്കി നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലത്തു തള്ളിയിട്ടു, നിങ്കൽ കല്ലിന്മേൽ കല്ലു ശേഷിപ്പിക്കാതിരിക്കുന്ന കാലം നിനക്കു വരും. (ലൂക്കോ, 19:41-44, മത്താ, 23:37-39, ലൂക്കൊ, 13:34-35). യെരുശലേമിന്റെ നാശവും, അനന്തരമുള്ള യെഹൂദന്റെ പ്രവാസവും മശീഹായെ തള്ളിയതുകൊണ്ടു മാത്രമല്ല; "നീതിമാനായ ഹാബേലിന്റെ രക്തംമുതൽ (ഉല്പ, 4:8) നിങ്ങൾ മന്ദിരത്തിന്നും യാഗപീഠത്തിനും നടുവിൽവെച്ചു കൊന്നവനായി ബെരെഖ്യാവിന്റെ മകനായ സെഖര്യാവിന്റെ (2ദിന, 24:21) രക്തംവരെ ഭൂമിയിൽ ചൊരിഞ്ഞ നീതിയുള്ള രക്തം എല്ലാം നിങ്ങളുടെ മേൽ വരേണ്ടതാകുന്നു. ഇതൊക്കെയും ഈ തലമുറ മേൽ വരും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (മത്താ, 23:35-36, ലൂക്കൊ, 11:50-51). ലൂക്കോസിന്റെ സുവിശേഷത്തിൽ ഒലിവുമല പ്രഭാഷണത്തിലും യേശു യെരുശലേമിന്റെ നാശം പ്രവചിക്കുന്നുണ്ട്. (21: 20-22).

ഫലം പുറപ്പെടുവിക്കാത്തൊരു അത്തിവൃക്ഷത്തെക്കുച്ചുള്ള പ്രസ്താവന സമവീക്ഷണ സുവിശേഷങ്ങളിൽ ഉണ്ട്. മത്തായിലും മർക്കോസിലും അത്തിവൃക്ഷത്തെ കർത്താവ് ശപിച്ചിട്ടു അതു ഉണങ്ങിപ്പോകുന്നതും, ലൂക്കോസിൽ മുന്തിരിത്തോട്ടത്തിൽ നട്ടിരിക്കുന്ന അത്തിവൃക്ഷം ഫലം പുറപ്പെടുവിക്കായകയാൽ അതിനെ വെട്ടിക്കളയാൻ ഉടയവൻ തോട്ടക്കാരനോടു പറയുന്ന ഉപമയായിട്ടുമാണ്. സ്വന്തജനമായ യിസ്രായേലിന്റെ ഫലശൂന്യതയ്ക്കെതിരെ കർത്താവിന്റെ കോപം ജ്വലിക്കുന്നതാണ് ഇവിടത്തെ വിഷയം. എ.ഡി. 70-ൽ യിസ്രായേലിനുമേൽ നിപതിച്ച ന്യായവിധിയുടെ ഒരു പ്രാവചനിക

ചിത്രവും ഇതു പ്രദാനം ചെയ്യുന്നു. "പിറ്റെന്നാൾ അവർ ബേഥാന്യ വിട്ടു പോരുമ്പോൾ അവന്നു വിശന്നു; അവൻ ഇലയുള്ളൊരു അത്തിവൃക്ഷം ദൂരത്തുനിന്നു കണ്ടു, അതിൽ വല്ലതും കണ്ടുകിട്ടുമോ എന്നു വെച്ചു ചെന്നു, അതിനരികെ എത്തിയപ്പോൾ ഇല അല്ലാതെ ഒന്നും കണ്ടില്ല; അതു അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു. അവൻ അതിനോടു; ഇനി നിങ്കൽനിന്നു എന്നേക്കും ആരും ഫലം തിന്നാതിരിക്കട്ടെ എന്നു പറഞ്ഞു; അതു ശിഷ്യന്മാർ കേട്ടു." (മർക്കൊ, 11:12-14, മത്താ, 21:18-20, ലൂക്കൊ, 13:6-9). 'അത്തി ക്ഷണത്തിൽ ഉണങ്ങിപ്പോകുകയും ചെയ്തു.' (മത്താ, 21:19, മർക്കൊ, 11:20).

ഇവിടെ 'അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു' എന്നു കാണുന്നതിനാൽ, ഫലകാലമല്ലാത്തപ്പോൾ ഫലംതിരഞ്ഞു ചെല്ലുകയും, ഫലമില്ലായ്കയാൽ വൃക്ഷത്തെ ശപിക്കുകയും ചെയ്തത് യേശുവിന്റെ ദോഷത്വമായും നീതിയില്ലായ്മയായിട്ടും വ്യാഖ്യാനിക്കുന്നവരുണ്ട്. യേശുവിന് ദൈവത്വമില്ലായിരുന്നു എന്നതിന് തെളിവായിട്ടും ചിലർ ഈ വേദഭാഗം ഉപയോഗിക്കുന്നു. ദൈവത്തെയും ദൈവവചനത്തെപ്പറ്റിയും വേണ്ടവണ്ണം അറിയാത്തവർക്കും, ഭാഷയുടെ വ്യകരണത്തെക്കുറിച്ച് സാമാന്യപരിജ്ഞാനം ഇല്ലാത്തവർക്കും, അത്തിവൃക്ഷത്തിന്റെ സ്വഭാവത്തെക്കുറിച്ച് അറിയാത്തവർക്കും അങ്ങനെ തോന്നാനിടയുണ്ട്. ഒന്നുരണ്ടു കാര്യങ്ങൾ ഇവിടെ മനസ്സിലാക്കേണ്ടതുണ്ട്: ഒന്ന്; തന്റെ സൃഷ്ടികളിൽ ഉൾപ്പെട്ട വൃക്ഷങ്ങൾക്കു പൂക്കുവാനും തളിർക്കുവാനും ഫലം പുറപ്പെടുവിക്കുവാനും കാലം നിയമിച്ചുകൊടുത്ത സൃഷ്ടിതാവാണ് യേശു. (എബ്രാ, 1:10). സൃഷ്ടിതാവിന് സൃഷ്ടിയോടുള്ള ബന്ധത്തിൽ തെറ്റു പറ്റില്ലെന്നു തിരിച്ചറിയണം. രണ്ട്; ഇസ്രായേലിന്റെ ഫലശൂന്യതയ്ക്കെതിരെ പ്രതീകാ

ത്മകമായിട്ടാണ് അത്തിവൃക്ഷത്തെ ശപിക്കുന്നത്. മൂന്ന്; 'ഇലയുള്ളൊരു അത്തിവൃക്ഷം ദൂരത്തുനിന്നു കണ്ടു' എന്ന പ്രയോഗം. ഇവിടെ വിശേഷണവിശേഷണമാണ് ഉപയോഗിച്ചിരിക്കുന്നത്. 'വൃക്ഷം' എന്ന നാമത്തോടു 'അത്തി' എന്ന വിശേഷണവും, 'ഇല' എന്ന മറ്റൊരു വിശേഷണവും ചേർത്തിട്ടുണ്ട്. ഒരു പദത്തോടു വിശേഷണം ചേർക്കുന്നത്, അതിനെ മറ്റുള്ളവയിൽനിന്ന് വേർതിരിക്കാനാണ്. 'ദൂരെയൊരു വൃക്ഷം കണ്ടു' എന്നു പറഞ്ഞാൽ, അവിടെ ഒരു വൃക്ഷം മാത്രമേയുള്ളു എന്നാണ്. 'ഒരു അത്തിവൃക്ഷം' എന്നു പറഞ്ഞാൽ, ഒന്നിലധികം വൃക്ഷങ്ങളുണ്ടെന്നും, അതിലൊരണ്ണം അത്തിവൃക്ഷമാണ് എന്നർത്ഥം. 'ഇലയുള്ള ഒരു അത്തിവൃക്ഷം' എന്നാൽ, ഒന്നിലധികം വൃക്ഷങ്ങളുണ്ടെന്നും, അതിൽ ചില അത്തിവൃക്ഷങ്ങൾ ഉണ്ടെന്നും, അതിൽ ഒരെണ്ണത്തിൽ ഇലയുണ്ടെന്നുമാണ് അർത്ഥം. നാല്; 'അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു' എന്ന പ്രയോഗം. ഇതിന്റെ ഉത്തരം വാക്യത്തിൽ തന്നെയുണ്ട്. അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞിട്ടും ഫലം തിരഞ്ഞു ചെന്നത് ഇല കണ്ടതുകൊണ്ടാണ്. തലക്കനിയോടൊപ്പമാണ് ഇലകൾ വരുന്നത്. അഥവാ തളിർത്ത ഇലകളാണ് ഫലമുണ്ടെന്ന് കാണിക്കുന്നത്. അർത്ഥാൽ, ഫലകാലം അല്ലാത്തതിനാൽ ഇലപൊഴിഞ്ഞു നില്ക്കുന്ന അത്തിവൃക്ഷങ്ങളുടെ കൂട്ടത്തിൽനിന്ന്, ഒരു വൃക്ഷം തളിർത്ത ഇലകൾ വിടർത്തിക്കൊണ്ട്, 'എന്നിൽ ഫലമുണ്ട്; അഥവാ ഞാൻ ഫലം തരാം' എന്ന് വിളിച്ചറിയിക്കുകയായിരുന്നു. അതു കണ്ടിട്ടാണ് യേശു ചെന്നത്. 'ഇലയല്ലാതെ ഒന്നും കണ്ടില്ല' എന്ന് എടുത്തു പറഞ്ഞിരിക്കുന്നതും നോക്കുക. (മത്താ, 21:19, മർക്കൊ, 11:13).

മൊറേസീ സസ്യകുടുംബത്തിൽപ്പെട്ട പുരാണപ്രസിദ്ധമായ വൃക്ഷമാണ് അത്തി. ഇതിന്റെ ജന്മദേശം ഏഷ്യ



അത്തിവൃക്ഷം

യാണ്. കാതലില്ലാത്ത ബഹുശാഖിയായ ഇടത്തരം വൃക്ഷമാണിത്. തടിയിൽ പറ്റിച്ചേർന്ന് ചെറുകൂട്ടമായാണ് പഴങ്ങൾ ഉണ്ടാവുക. അത്തിയുടെ ഇല, പഴം, തൊലി, കറ എന്നിവയെല്ലാം ഔഷധഗുണപ്രദാനമാണ്. പലസ്ത്തീനിൽ വ്യാപകമായി വളരുന്ന അത്തി ഇന്ത്യ, ശ്രീലങ്ക, തുർക്കി, അമേരിക്ക, ഗ്രീസ്, ഇറ്റലി എന്നീ രാജ്യങ്ങളിലും കാണപ്പെടുന്നു. ഇന്ത്യയിൽ ധാരാളമായി കണ്ടുവരുന്ന 'ഫൈക്കസ് ഗ്ലോമെറാറ്റ' (Ficus glomerata) എന്ന ഇനം അത്തി ഉയരം കൂടിയതും ശിഖരങ്ങൾ മറ്റിനങ്ങളേക്കാൾ കനക്കുറവുള്ളതുമാണ്. ആഗസ്റ്റ് മാസത്തോടുകൂടി ഇവയുടെ ഇലകൾ പൊഴിയുന്നു. നവംബർ ഡിസംബർ മാസങ്ങളിലാണ് അത്തിപ്പഴം ഉണ്ടാവുന്നത്. ബൈബിൾ നാടു കളിലെ അത്തിവൃക്ഷങ്ങൾ സാധാരണയായി ഹിമകാലത്ത് ഇലകൊഴിയുകയും വസന്തത്തിൽ തളിർക്കുകയും ചെയ്യുന്നു. അഥവാ വേനൽ അടുക്കുമ്പോഴാണ് കൊമ്പിളതായി ഇല തളിർക്കുന്നത്. (മത്താ, 24:31, മർ

ക്കൊ, 13:28). എങ്കിലും ഇലകൾ വരുംമുമ്പേ ഭക്ഷ്യയോഗ്യമായ ഫലങ്ങൾ പുറപ്പെടു വിക്കാറുണ്ടായിരുന്നു. അതിനെ 'തലക്കനി' (ഹോശേ, 9:10) അഥവാ 'തലപ്പഴം' (യിരെ, 24:2) എന്നു വിളിക്കുന്നു. ഇതു ഫലശേഖരണ കാലത്തിനു മുമ്പേ പഴുത്തതും (യെശ, 28:4), ആരും തിന്നാൻ കൊതിക്കുന്നതും (മീഖാ, 7:1), വൃക്ഷം കുലുക്കിയാൽ തിന്നുന്നവന്റെ വായിൽത്തന്നേ വീഴുന്നതും (നഹൂം, 3:12), കാണുന്നവൻ ഉടനെ പറിച്ചു തിന്നുകളയുന്നതും (യെശ, 28:4) ആണ്. ഫലകാലത്തിനു മുമ്പേ പ്രത്യക്ഷപ്പെടാറുള്ള ഈ തലക്കനികൾ, വരുവാൻ പോകുന്ന സമൃദ്ധിയായ വിളവിന്റെ നാന്ദിയാണ്. അഥവാ തലപ്പഴം ഉണ്ടാകാത്തപക്ഷം വിളവെടുപ്പുകാലത്തും അതിൽ ഒന്നും കാണില്ലെന്ന സൂചനയാണ് നല്കുന്നത്. കർത്താവ് അനുഗ്രഹത്തിനു പകരം ശാപം പ്രഖ്യാപിക്കുന്നതും, സമൃദ്ധിയായ ജീവനു പകരം ഉന്മൂലനം ചെയ്യുന്നതുമായ ഏക സന്ദർഭം ഇതാണ്. കാരണം; ദൈവത്തിനുവേണ്ടി ഫലം പുറപ്പടുവിക്കേണ്ടവരാണ് യിസ്രായേൽ; ഫലം തിരഞ്ഞ് ചെന്നപ്പോഴാകട്ടെ കപടഭക്തിയുടെ ഇലകൾ മാത്രം. ആദ്യഫലം അഥവാ തലക്കനികൾ ഇല്ലാതിരുന്ന അവരിൽനിന്ന് സ്വാഭാവിക ഫലങ്ങളും ഉളവാകില്ലെന്ന് അറിഞ്ഞതു കൊണ്ടാണ് യേശു അത്തിവൃക്ഷത്തെ ശപിച്ചത്. 'ക്ഷണത്തിൽ അത്തി ഉണങ്ങിപ്പോകുകയും ചെയ്തു.' (മത്താ, 21:19). മുപ്പത്തേഴു വർഷങ്ങൾക്കു ശേഷം എ.ഡി. 70-ൽ റോമൻ ചക്രവർത്തി വെസ്പേഷ്യന്റെ (Vespasian, A.D. 69-79) ഭരണകാലത്ത് അവന്റെ പുത്രൻ ടൈറ്റസിന്റെ (Titus) കയ്യാൽ അക്ഷരംപ്രതി അതു നിവൃത്തിയാകുകയും ചെയ്തു. ഇതു യിസ്രായേലിനെ ദൈവം എന്നേക്കുമായി തള്ളിക്കളഞ്ഞു എന്നർത്ഥമാക്കുന്നില്ല. ജാതികളുടെ രക്ഷയ്ക്കായി യിസ്രായേലി

നെ താല്ക്കാലികമായി ഒടിച്ചുകളഞ്ഞു എന്നേയുള്ളൂ. (റോമ, 11:24).

ശിഷ്യന്മാർ ചോദിച്ചത്; "നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്?" എന്നാണ്. എന്നാൽ അവർ ചോദിക്കേണ്ടിയിരുന്നത് 'നീ സഭയെ ചേർക്കാൻ എപ്പോൾ വരുമെന്നല്ലേ?' യേശു തന്റെ മരണപുനരുദ്ധാനങ്ങളെക്കുറിച്ചും സഭയെക്കുറിച്ചുമൊക്കെ പറഞ്ഞതൊക്കെ ശിഷ്യന്മാർക്ക് എല്ലായിപ്പോഴും മറഞ്ഞിരിക്കുകയായിരുന്നു. (മർക്കൊ, 9:32, ലൂക്കൊ, 9:45, 18:34, യോഹ, 8:27, 10:6, 12:16, 14:12). എങ്കിലും, യേശു തന്നെയാണ് ക്രിസ്തു അഥവാ മശീഹ എന്നു ഗ്രഹിച്ചതിന്റെ വെളിച്ചത്തിൽ, യഹൂദന്മാരായ തങ്ങൾക്ക് ഒന്നറിയാം; ദാവീദിന്റെ സിംഹാസനത്തിലിരുന്ന് നീതിയോടെ ന്യായപാലനം ചെയ്യേണ്ടവൻ ഇവൻ തന്നെയാണ്. (സങ്കീ, 45: 6, 89:4, സെഖ, 6:13, 9:9, ലൂക്കൊ, 1:33, യോഹ, 1:49). തന്മൂലം, ശിഷ്യന്മാർ ചോദിക്കുന്നതും യിസ്രായേലിനു രാജ്യം സ്ഥാപിച്ചു കൊടുക്കുന്നതിനെക്കുറിച്ചാണ്. (മത്താ, 24:3, പ്ര വൃ, 1:6). തുടർന്ന് യേശു പറയുന്നതും രാജ്യസ്ഥാപനത്തിന്റെ മുന്നോടിയായുള്ള മഹോപദ്രവകാലത്തെക്കുറിച്ചാണ്. (മത്താ, 24:4-29, മർക്കൊ, 13:5-25, ലൂക്കൊ, 21:8-26). മഹോപദ്രവകാലത്തിന്റെ മദ്ധ്യത്തിൽ ശൂന്യമാക്കുന്ന മ്ലേച്ഛബിംബത്തെ ദൈവാലയത്തിൽ പ്രതിഷ്ഠിക്കുന്നതു മുതൽ പീഡ കഠിനമാകും. (ദാനി, 12:11, മത്താ, 24:15, മർക്കൊ, 13:14). മഹാപീഡനത്തിനൊടുവിൽ ഭൂമിയിലെ സകല മനുഷ്യർക്കും ദൃശ്യമാകുന്ന വിധത്തിൽ മനുഷ്യപുത്രന്റെ ആഗമനം സംഭവിക്കും. (മത്താ, 24:30-31, മർക്കൊ, 13:26-27, വെളി, 1:7).

മത്തായി 24:14-ൽ രാജ്യത്തിന്റെ സുവിശേഷത്തെക്കുറിച്ച് പറയുന്നുണ്ട്; "രാജ്യത്തിന്റെ ഈ സുവിശേഷം സകലജാ തികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും." ചിലർ ഈ വാക്യത്തെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് കർത്താവിന്റെ വരവ് ഇനിയും വളരെ താമസമുണ്ട് എന്നു പഠിപ്പിക്കുന്നുണ്ട്. അതിനു കാരണം സുവിശേഷം ചെന്നെത്താത്ത സ്ഥലങ്ങൾ ഇപ്പോഴുമുണ്ട്. ഇന്ത്യയിൽ തന്നേ ലക്ഷക്കണക്കിനു ഗ്രാമങ്ങളുണ്ടെന്നാണ് പറയപ്പെടുന്നത്. 12/09/2018-ലെ മനോരമ പത്രത്തിൽ ഒരു നിഗൂഢ ദ്വീപിനെക്കുറിച്ചുള്ള വാർത്തയുണ്ടായിരുന്നു; "ഇന്ത്യയുടെ തന്നെ ഭാഗമായ ആൻഡമാൻ നിക്കോബാർ ദ്വീപ് സമൂഹത്തിൽപ്പെട്ട 'നോർത്ത് സെന്റിനൽ' ദ്വീപിനെക്കുറിച്ചായിരുന്നു. ലോകത്തെ ഏറ്റവും നിഗൂഢ പ്രദേശങ്ങളിൽ ഒന്നായാണ് ഇതിനെ കണക്കാക്കുന്നത്. 59 ച.കി. മീറ്റർ മാത്രം ചുറ്റളവുള്ള ഈ കുഞ്ഞൻ ദ്വീപിൽ അഞ്ചൂറിൽ താഴെ ഗോത്രവർഗ്ഗക്കാർ പുറംലോകവുമായി ബന്ധമില്ലാതെ ഒറ്റപ്പെട്ടു കഴിയുകയാണ്. ചുറ്റും പവിഴപ്പുറ്റുകൾ ഉള്ളതിനാൽ കപ്പലുകൾക്കും ബോട്ടുകൾക്കും കടന്നുചെല്ലാൻ കഴിയില്ല. ആരെങ്കിലും ചെല്ലാൻ ശ്രമിച്ചാൽ കടുത്ത ആക്രമണം നേരിടേണ്ടിവരും. അബദ്ധത്തിൽ ചെന്നുപെടുന്ന മത്സ്യത്തൊഴിലാളികളെ അവർ കൊല ചെയ്യുകയാണ് പതിവ്. അതുകൊണ്ട് ഇന്ത്യാ ഗവൺമെന്റ് ദ്വീപുനിവാസികളെ സ്വതന്ത്രമായി വിടുകയും, ദ്വീപിനു മൂന്നുമൈൽ ചുറ്റിലും നിരോധിത മേഖലയായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുകയാണ്." ഇതുപോലെ ലോകത്തിന്റെ പലഭാഗത്തും ആദിവാസി ഗോത്രവർഗ്ഗക്കാർ ഒറ്റപ്പെട്ടു കഴിയുന്നുണ്ടാകും. എല്ലായിടത്തും സുവിശേഷകന്മാർക്കു ചെന്നെത്താനും കഴി

ഞ്ഞെന്നു വരില്ല. തന്മൂലം കർത്താവിന്റെ മേഘപ്രത്യക്ഷതയ്ക്കും സഭയുടെ ഉൽപ്രാപണത്തിനും താമസമുണ്ടാകുമെന്ന് വിചാരിക്കരുത്. ദൈവം മുഖപക്ഷമുള്ളവനല്ല. (റോമ, 2:11). സുവിശേഷം കേൾക്കാത്തവരെ അവരുടെ മനസ്സാക്ഷിപ്രകാരമാണ് ന്യായം വിധിക്കുന്നത്. (റോമ, 2:12-15). തന്മൂലം ദൈവകൃപയുടെ സുവിശേഷവും (പ്രവൃ, 20:24), രാജ്യത്തിന്റെ സുവിശേഷവും (മത്താ, 4:23, 24:14) രണ്ടാണെന്നും മനസ്സിലാക്കണം.

**താരതമ്യം**

| **കൃപയുടെ സുവിശേഷം** | **രാജ്യത്തിന്റെ സുവിശേഷം** |
|---|---|
| വിഷയം: ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ. (2തിമൊ, 2:8). | രാജ്യം സ്ഥാപിക്കാൻ വരുന്ന രാജാധിരാജാവ്. (ലൂക്കൊ, 19:12-27). |
| ഉദ്ദേശ്യം: വീണ്ടുംജനനം. (യോഹ, 3:3,6). | അഗ്നിപരിശോധന. (സെഖ, 13:9, മലാ, 3:2). |
| കാരകൻ: പരിശുദ്ധാത്മാവ്. (യോഹ, 3:6, 1കൊരി, 12:3). | എതിർക്രിസ്തു. (1യോഹ, 2: 18). |
| വ്യവസ്ഥ: വിശ്വാസം. (യോഹ, 3:16). | സഹനം. (മത്താ, 10:22, മർക്കൊ, 13:13). |
| വഴി: ക്രിസ്തുവിന്റെ വചനം. (റോമ, 10:17). | മഹോപദ്രവം. (മത്താ, 24:4-29, മർക്കൊ, 13:5-24). |
| പ്രവേശനം: കൃപയാൽ | മഹാകഷ്ടം. (വെളി, 7:14). |

| | |
|---|---|
| സൗജന്യം. (എഫെ, 2:8). | |
| ഫലം: ക്രിസ്തുവിനൊപ്പം ഭരണം. (മത്താ, 19:28, ലൂക്കൊ, 22:30). | സഹസ്രാബ്ദജീവിതം. (വെളി, 20:2-3). |
| അവകാശം: ദൈവത്തിന്റെ മക്കളും ക്രിസ്തുവിനു കൂട്ടവകാശികളും. (റോമ, 8:17). | നീതിയുള്ള രാജാവിന്റെ പ്രജകൾ. (യെ ശ, 32:1). |
| സ്ഥാനം: ക്രിസ്തുവിന്റെ കാന്ത. (എഫെ, 5:31-32, 2കൊ രി, 11:2). | ദാസന്മാർ. (മത്താ, 25:14). |
| പൌരത്വം: സ്വർഗ്ഗീയം. (ഫിലി, 3:20). | ഭൌമികം. (സങ്കീ, 37:9). |
| അനുഗ്രഹം: ആത്മീകം. (എഫെ, 1:3). | ഭൌതികം. (യെശ, 11 അ). |
| വ്യാപ്തി: വിശ്വസിക്കുന്ന ഏവനും. (യോഹ, 3:16). | അവസാനത്തോളം സഹിക്കുന്ന ഏവനും. (മത്താ, 10: 22, 24:13). |
| പരിധി: ക്രിസ്തുവിന്റെ മദ്ധ്യാകാശവരവ്. (1തെസ്സ, 4:16-17). | മഹത്വപ്രത്യക്ഷത. (മത്താ, 24:30-31, വെളി, 1:7). |
| അനന്തരം: മഹാപീഡനം: (മത്താ, 24:4-29). | സഹസ്രാബ്ദവാഴ്ച. (വെളി, 20:2-3). |

| | |
|---|---|
| അന്തം: നിത്യജീവൻ. (റോമ, 6:22). | നിത്യജീവൻ. (ദാനി, 12:2). |

ക്രൈസ്തവ സഭകളിൽതന്നേ കർത്താവിന്റെ വരനെ സംബന്ധിച്ച് രണ്ട് ഉപദേശങ്ങൾ നിലവിലുണ്ട്; സഭയെ ചേർക്കാൻ മഹോപദ്രവകാലത്തിനു മുമ്പു കർത്താവു വരുമെന്നാണ് ഒന്നാമത്തെ ഉപദേശം. അടുത്തത്; മഹോപദ്രവത്തിനു ശേഷമാണ് കർത്താവു വരുന്നതെന്നും; തന്മൂലം മഹാപീഡനത്തിലൂടെ കടക്കാനാണ് സഭയെ പഠിപ്പിക്കേണ്ടതെന്നുമാണ്. സഭയെ ചേർക്കാൻ യേശുക്രിസ്തു എപ്പോൾ വരുമെന്നതിന് അനവധി തെളിവുകൾ ബൈബിളിലുണ്ട്. ശക്തവും വ്യക്തവുമായ അഞ്ച് തെളിവുകൾ തരാം: ഒന്ന്; സഭാസ്ഥാപനത്തെക്കുറിച്ച് ക്രിസ്തു പറയുന്നത് നോക്കുക; "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു." (മത്താ, 16: 18). the gates of hell എന്നതിനെ പിഒ.സി.യിൽ 'നരകകവാടങ്ങൾ' എന്നും, ഓശന ബൈബിളിൽ 'മരണത്തിന്റെ വാതിലുകൾ' എന്നുമാണ്. ഈ നരകകവാടങ്ങൾ ഏഴുവർഷം ഭൂമിയിൽ ജയിച്ചുഭരിക്കും; അതിനെയാണ് മഹോദ്രവകാലം എ ന്നു വിളിക്കുന്നത്. അന്നാളിൽ സഭ ഭൂമിയിലുണ്ടെങ്കിൽ ക്രിസ്തുവിന്റെ ഈ പ്രവചനം വ്യർത്ഥമാകും. രണ്ട്; വെളിപ്പാടു പുസ്തകത്തിലെ ആറാമത്തെ സഭയായ ഫിലദെൽഫിയയോടു യേശു പറയുന്നതാണ്; "സഹിഷ്ണതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിനു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നി

ന്നെ കാക്കും." (വെളി, 3:10). ഭൂതലത്തിലെങ്ങും വരുവാനുള്ള പരീക്ഷ മഹാപീഡനമാണ്. അന്നാളിൽ സഭയെ കൈവിട്ടാൽ; ഈ പ്രവചനവും വ്യർത്ഥമാകും. കൂടാതെ, "ഞാൻ നിന്നെ ഒരുനാളും കൈവിടുക യില്ല, ഉപേക്ഷിക്കയുമില്ല" (എബ്രാ, 13:5) എന്നും, "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു" (മത്താ, 28:19) എന്നു തുടങ്ങി ബൈബിളിലെ അനവധി വാഗ്ദത്തങ്ങൾക്ക് എതിരായിത്തീരും. മാത്രമല്ല, ദൈവത്തിന്റെ സ്വഭാവവും (1യോഹ, 4:8) ക്രിസ്തുവിന്റെ സ്വരൂപവും (കൊലൊ, 1:13) സ്നേഹമായിരിക്കെ, തന്റെ മക്കളെ മഹാപീഡനത്തിൽ തള്ളിവിടുകയെന്നത് ദൈവത്തിന്റെ പ്രകൃതിക്കു യോജിക്കുന്നതുമല്ല. മൂന്ന്; "അധർമ്മമൂർത്തി സമയത്തിനു മുമ്പെ വെളിപ്പെടാതിരിക്കേണ്ടതിന്നു ഇപ്പോൾ തടുക്കുന്നതു എന്തു എന്നു നിങ്ങൾ അറിയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ടു; ഇതുവരെ തടുക്കുന്നവൻ വഴിയിൽനിന്നു നീങ്ങിപോക മാത്രം വേണം. അപ്പോൾ അധർമ്മ മൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും." (തെസ്സ, 2:6-8). അധർമ്മമൂർത്തിയെ തടുക്കുന്നത് വിശ്വാസികളുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവാണ്. സഭ എടുക്കപ്പെടുകയും, തടുക്കുന്ന പരിശുദ്ധാത്മാവ് നീങ്ങിപ്പോകുകയും ചെയ്താൽ, അവൻ വെളിപ്പെടുകയും, മഹോപദ്രവം തുടങ്ങുകയും ചെയ്യും. നാല്; വെളിപ്പാട് പുസ്തകത്തിൽ ഏഴു സഭകളോടുള്ള കർത്താവിന്റെ ദൂതു കഴിഞ്ഞാൽ, അദ്ധ്യായം 4-മുതൽ 19:10-വരെ സഭ ഭൂമിയിൽ കാണുന്നില്ല. 19:7-ൽ കുഞ്ഞാടിന്റെയും കാന്തയുടെയും (സഭ) വിവാഹം സ്വർഗ്ഗത്തിൽ നടക്കുകയും, 19:8-ൽ കുഞ്ഞാടി

ന്റെ കാന്തയ്ക്ക് വിശേഷവസ്ത്രം ധരിക്കാൻ കൃപ ലഭിക്കുകയും ചെയ്യുന്നു. 19:14-ൽ മഹാപീഡനത്തിനൊടുവിൽ ഹർമ്മഗെദ്ദോൻ യുദ്ധത്തിനായി ഭൂമിയിലേക്കുവരുന്ന ക്രിസ്തുവിനെ തന്റെ കാന്തയും അനുഗമിക്കുന്നുണ്ട്. അഞ്ച്; "ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്ര കൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും." (കൊരി, 15:51-52). ഇതു കർത്താവിന്റെ മഹത്വപ്രത്യക്ഷതയ്ക്കു ശേഷം നടക്കേണ്ടതല്ല. ആയിരമാണ്ടു വാഴ്ചയിൽ ആരും രൂപാന്തരപ്പെട്ട ശരീരത്തിലല്ല; എല്ലാവരും ജഡശരീരത്തോടുകൂടി ആയിരിക്കും. തന്മൂലം മഹത്വപ്രത്യക്ഷതയ്ക്കു മുമ്പ് സഭയ്ക്കുവേണ്ടി ഒരു മേഘപ്രത്യക്ഷതയുണ്ടെന്നു സ്പഷ്ടം.

**താരതമ്യം**

| **മദ്ധ്യാകാശവരവ്** (ഉൽപ്രാപണം) | **മഹത്ത്വപ്രത്യക്ഷത** (വെളിപ്പാട്) |
|---|---|
| യേശുക്രിസ്തു കർത്താവായി വരും. (ഫിലി, 3:20, 1തെ സ്സ, 4:16). | യേശുക്രിസ്തു മനുഷ്യപുത്രനായി വരും. (മത്താ, 24:27-31). |
| സഭയുടെ മണവാളനായി. (യോഹ, 14:1-3, എഫെ, 5:26-27). | രാജാധിരാജാവായി. (വെളി, 19:11-16). |
| ഉദയനക്ഷത്രമായി. (2പത്രൊ, 1:19, വെളി, 22:16). | നീതിസൂര്യനായി. (മലാ, 4:2). |

| | |
|---|---|
| മേഘങ്ങളിൽ വരുന്നു. (1തെസ്സ, 4:17). | ഒലിവുമലയിൽ വരുന്നു. (സെഖ, 4:4). |
| സഭയെ എടുത്തുകൊള്ളുന്നതിന്. (യോഹ, 14:1-3). | യിസ്രായേലിനെ വിടുവിക്കുന്നതിന്. (യെശ, 61-62 അ, വെളി, 19:19-21). |
| വിശുദ്ധന്മാർക്കു വേണ്ടി വരുന്നു. (1തെസ്സ, 4:16-17). | വിശുദ്ധന്മാരുമായി വരുന്നു. (1തെസ്സ, 3:13, യൂദാ, 14, വെ ളി, 19:14). |
| വിശുദ്ധന്മാർ മാത്രം കാണും. (1കൊരി, 15:52). | എല്ലാവരും കാണും. (യെശ, 63:1, മത്താ, 24:30, വെളി, 1:7). |
| പഴയനിയമ വിശുദ്ധന്മാർക്കു മർമ്മം (രഹസ്യം) ആയിരുന്നു. (1കൊരി, 15:51-52). | പഴയ പുതിയനിയമങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. (സെ ഖ, 14:4, മത്താ, 24:30). |
| രഹസ്യമായി. (2പത്രൊ, 3:10, വെളി, 3:3). | പരസ്യമായി. (മത്താ 24:30, വെളി, 1:7). |
| എഴുപതാം ആഴ്ചയുടെ ആരംഭത്തിൽ | എഴുപതാം ആഴ്ചയ്ക്കു ശേഷം. (ദാനി, 9:24-27). |
| വിശുദ്ധന്മാരെല്ലാം എടുക്കപ്പെടും. (1തെസ്സ, 4:17). | ചിലർ ന്യായവിധിയിൽ എടുക്കപ്പെടും. (മത്താ, 13:38-42, 49, ലൂക്കൊ, 17:34-37). |
| സഭയുമായി ഉടൻ മടങ്ങി | ആയിരം വർഷം ഭൂമിയിൽ |

| | |
|---|---|
| പ്പോകും. (1തെസ്സ, 4:17). | ഉണ്ടായിരിക്കും. (വെളി, 20:3). |
| വിശ്വാസികൾ കാത്തിരിക്കുന്നു. (1തെസ്സ, 1:10). | യെഹൂദ്യശേഷിപ്പു കാത്തിരിക്കുന്നു. (മത്താ, 24:42-50). |
| ആസന്നസംഭവം. (വെളി, 22: 20). | അനേകം അടയാളങ്ങൾ ഉണ്ടാകും. (മത്താ, 24:37-31). |
| അനന്തരം മഹാപീഡനം. (2തെസ്സ, 1:7). | അനന്തരം സഹസ്രാബ്ദ വാ ഴ്ച. (വെളി, 20:3). |
| വിശുദ്ധന്മാരുടെ രൂപാന്തരം സംഭവിക്കുന്നു. (1കൊരി, 15: 52). | ആർക്കും രൂപാന്തരം സംഭവിക്കുന്നില്ല. |
| വിശുദ്ധന്മാർക്കു പ്രതിഫലം കൊടുക്കും. (വെളി, 22:12). | ദൈവത്തെ അറിയാത്തവർക്കു പ്രതികാരം കൊടുക്കും. (1തെസ്സ, 1:7-8). |

യേശു മഹോപദ്രവത്തെക്കുറിച്ചും, തദനന്തരമുള്ള മഹത്ത്വപ്രത്യക്ഷതയെക്കുറിച്ചുമാണ് ശിഷ്യന്മാരോട് പറയുന്നത്. എന്നാൽ അതിനു മുമ്പു സഭയുടെ ഉൽപ്രാപണം നടക്കണം; അതു തന്റെ മദ്ധ്യാകാശവരവിലാണ്. "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ,

ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും." (യോഹ, 14:2-3, 1കൊരി, 1:7, 15:23, 15: 51-52, കൊലൊ, 3:4, 1തെസ്സ, 2:19, 4:15-17, 5:23, 2തെസ്സ, 2:1, യാക്കോ, 5:7-8, 1പത്രൊ, 1:7, 13, 4:13, 1യോഹ, 2: 28). ഇതിന് അടയാളങ്ങളൊന്നും പറഞ്ഞിട്ടില്ല. നിരൂപിക്കാത്ത നാളിലും അറിയാത്ത നാഴികയിലും (മത്താ, 24: 50), ഉണർന്നിരിപ്പിൻ (മർക്കൊ, 13:36), നിനയാത്ത നാഴികയിൽ (ലൂക്കൊ, 12:40), കണ്ണിമയ്ക്കുന്നതിനിടയിൽ (1കൊരി, 15:52), നൊടിനേരത്തിനുള്ളിൽ (2കൊരി, 4: 17), വരുവാനുള്ളവൻ വരും താമസിക്കയില്ല (എബ്രാ, 10:37), കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു (യാക്കോ, 5:8), വേഗത്തിൽ (വെളി, 1:1), കള്ളനെപ്പോലെ (വെളി, 3:3), ഇതാ, ഞാൻ വേഗം വരുന്നു (വെളി, 22: 12) തുടങ്ങിവയാണ് മദ്ധ്യാകാശവരവിനെ സംബന്ധിച്ച പ്രയോഗങ്ങൾ. മത്തായി 24:36-ലെ വാക്യം; "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല." ഇതു ക്രിസ്തു സഭയെ ചേർക്കാൻ വരുന്ന മദ്ധ്യാകാശവരവിനോടു ചേർത്തു ചിന്തിക്കണം. കാര ണം; മഹോപദ്രവകാലം ഒരാഴ്ചവട്ടം അഥവാ ഏഴു വർഷമാണെന്നും (ദാനി, 9:27), ഈ ആഴ്ചവട്ടത്തെ ദാനിയേലും, യോഹന്നാനും രണ്ടായി വിഭജിച്ചിരിക്കുന്നതും, (ദാനി, 7:25, 12:7, വെളി, 11,2-3, 12:6), ആഴ്ചവട്ടത്തിന്റെ പകുതിയാകുമ്പോൾ 'ശൂന്യമാക്കുന്ന മ്ലേച്ഛബിംബത്തെ' ദൈവാലയത്തിൽ പ്രതിഷ്ഠിക്കുന്നതു മുതൽ (ദാനി 11:31, മത്താ, 24:15, മർക്കൊ, 13:14, 2തെസ്സ, 2: 4, വെളി, 13:14-15) മൂന്നര വർഷക്കാലമാണെന്നും (ദാനി, 12: 11, വെളി, 13:5) ആഴ്ചവട്ടത്തിനൊടുവിൽ രാ

ജാധിരാജാവായ ക്രിസ്തു വിശുദ്ധന്മാരോടും (വെളി, 19: 11-16), ദൂതസഞ്ചയത്തോടും (മത്താ, 24:30-31) കൂടെ സ്വർഗ്ഗത്തിൽനിന്ന് യെരുശലേമിനരികെ ഒലിവുമലയിൽ ഇറങ്ങിവരുകയും (സെഖ, 14:3-5), മൃഗത്തെയും അവന്റെ സകല സൈന്യത്തെയും (വെളി, 19:19) തന്റെ വായിൽനിന്നു വരുന്ന ശക്തിയുള്ള വചനത്താൽ (വാൾ) നശിപ്പിക്കുകയും (വെളി, 1:16, 19:15, 21, യെശ, 11:4) ചെയ്യുമെന്ന് ദൈവവചനത്തിൽനിന്ന് മനസ്സിലാക്കാം. ആകയാൽ ക്രിസ്തുവിന്റെ മദ്ധ്യാകാശവരവും സഭയുടെ ഉൽപ്രാപണവും കഴിഞ്ഞു മഹോപദ്രവം ആരംഭിച്ചാൽ, മഹത്ത്വപ്രത്യക്ഷതയുടെ കാലം കണക്കുകൂട്ടാൻ കഴിയും. തന്മൂലം 'പിതാവിനു മാത്രമറിയാവുന്ന നാളും നാഴികയും' (മത്താ, 24:36) മദ്ധ്യാകാശവരവാണെന്നു തെളിയുന്നു. ഇവിടെ എന്തുകൊണ്ടാണ് തനിക്കു സമയത്തെക്കുറിച്ച് അറിയില്ലെന്ന് യേശുക്രിസ്തു പറയുന്നത് എന്നറിയണമെങ്കിൽ യെഹൂദന്റെ അക്കാലത്തെ വിവാഹത്തെക്കുറിച്ച് അറിയണം.

യേശു ശിഷ്യന്മാരോടു സംസാരിച്ചതു അധികവും അന്യാപദേശങ്ങളും ഉപമകളുമായാണ്. ഇവിടെത്തെ വിഷയം യേശുവിന്റെ പുനരാഗമനമാണ്. തന്റെ മടങ്ങിവരവിനെ യെഹൂദ ന്മാരുടെ അക്കാലത്തെ വിവാഹത്തോടു ബന്ധപ്പെടുത്തിയാണ് യേശു പറയുന്നത്. യെഹൂദന്മാരുടെ വിവാഹത്തിനു മൂന്നു ഘട്ടങ്ങളുണ്ട്: വിവാഹനിശ്ചയം അഥവാ നിയമപരമായ വിവാഹം; വധു ഗൃഹത്തിലേക്കുള്ള യാത്രയും വധുവിനെ കൂട്ടിക്കൊണ്ടുവരലും; വിവാഹാഘോഷം അഥവാ വിവാഹസദ്യ. ഒരു യുവാവിനു യുവതിയെ കണ്ടെത്തുന്നതു മാതാപിതാക്കളോ ബന്ധുക്കളോ അടുത്ത സുഹൃത്തുക്കളോ ആകാം. തുടർന്നു വിവാഹനിശ്ചയമാണ്. ഈ അവരത്തിൽ വിവാഹം എ

ന്നു നടത്താമെന്നു പറയുകയോ തീയതി നിശ്ചയിക്കുക യോ ചെയ്യുകയില്ല. ചിലപ്പോൾ ഒന്നോരണ്ടോ വർഷംവ രെ വിവാഹം നീണ്ടുപോയെന്നു വരാം. വിവാഹനിശ്ചയം പൊതുവെ ഇരുഭവനങ്ങളിലെയും പിതാക്കന്മാർ തമ്മി ലുള്ള ഉടമ്പടിയാണ്. വരൻ വധുവിന് സ്ത്രീധനം കൈ മാറുന്നതോടുകൂടി നിയമപരമായ വിവാഹം പൂർത്തിയാ കും. വിവാഹതീയതി തീരുമാനിച്ചിട്ടില്ലെങ്കിലും വിവാഹ നിശ്ചയം കഴിഞ്ഞ നാൾമുതൽ വരനും വധുവും നിയമ പരമായി വിവാഹം കഴിഞ്ഞവരെപ്പോലെയാണ് ഇരുഭവ നങ്ങളിലും കഴിയുന്നത്. ഇരുഭവനക്കാരും തമ്മിലുള്ള വിവാഹം ഉറപ്പിക്കൽ കഴിഞ്ഞാൽ വരനും വധുവിനും ഒ രുക്കത്തിന്റെ നാളുകളാണ്. വരൻ വധുവിനായ് പുതി യൊരു ഭവനം പണിയുകയും, വധു വരന്റെ വരവിനായ് കാത്തിരിക്കുകയും വേണം. പുതിയ വീടുപണിയുവാൻ വരന് സാമ്പത്തികശേഷിയില്ലെങ്കിൽ പിതാവിന്റെ ഭവന ത്തോടു ചേർത്ത് ഒരു മുറി പണിയുകയോ, ഭവനത്തിൽ ത്തന്നേ ഒരു മുറി ഒരുക്കുകയോ വേണം. വധു അക്കാ ലമത്രയും വിവാഹ വസ്ത്രം ധരിച്ചുകൊണ്ട് രാവുംപക ലും വരന്റെ വരവിനായ് വിശുദ്ധിയോടെ ഒരുങ്ങിയിരി ക്കണം. "ഞാൻ നിങ്ങളെ ക്രിസ്തു എന്ന ഏക പുരുഷ നു നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു" (1കൊരി, 11:2) എന്ന പൗലൊസി ന്റെ വാക്കുകളും, "എന്റെ പിതാവിന്റെ ഭവനത്തിൽ അ നേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങ ളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരു ക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരി ക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടു ക്കൽ ചേർത്തു കൊള്ളും" (യോഹ, 14:2-3) എന്ന ക്രി

സ്തുവിന്റെ ഉറപ്പും, "എങ്കിലും ഉടുപ്പു മലിനമാകാത്ത കുറേപ്പേർ സർദ്ദിസിൽ നിനക്കുണ്ടു" (വെളി, 3:4) എന്ന പ്രസ്ഥാവനയും ഇതിനോടു ചേർത്തു ചിന്തിക്കുക. വരൻ വധുവിനായി ഭവനം ഒരുക്കിക്കഴിഞ്ഞാൽ തന്റെ പിതാവിനോടറിയിക്കും. ഭവനം കണ്ട് ബോധ്യപ്പെട്ടശേഷം തോഴ്മക്കാരെ ഒരുക്കുന്നതും വധുഗൃഹത്തിലേക്കുള്ള യാത്ര നിശ്ചയിക്കുന്നതും വരന്റെ പിതാവാണ്. തോഴ്മക്കാരുമായി വധുഗൃഹത്തിലേക്കുള്ള വരന്റെ യാത്ര ചിലപ്പോൾ ദിവസങ്ങളോ ആഴ്ചകളോ എടുത്തെന്നു വരാം. തന്മൂലം രാവിലെയോ, ഉച്ചയ്ക്കോ, വൈകുന്നേരത്തോ, അർദ്ധരാത്രിയിലോ, വെളുപ്പാൻകാലത്തോ മണവാളൻ എത്തിച്ചേരാം. (മത്താ, 24:42, 25:13). വധുവിന്റെ ഭവനത്തിന്റെ മുന്നിലെത്തിയാൽ വരന്റെ തോഴ്മക്കാർ മണവാളൻ എത്തിയ വിവരം ഉച്ചത്തിൽ വിളിച്ചുപറയും. (മത്താ, 25:6). ഈ സമയം വിവാഹവസ്ത്രം ധരിച്ച വധുവും തോഴിമാരും ഇറങ്ങിവന്നു വരനെയും കൂട്ടരേയും സ്വീകരിക്കും. അപ്പോൾ രാത്രിയാണെങ്കിൽ തോഴിമാരുടെ കയ്യിൽ കത്തിച്ച വിളക്കുകളും ഉണ്ടായിരിക്കും. (മത്താ, 25:7). ഈ സമയം വധു വരനെ സ്വീകരിക്കാൻ വരാതെയിരുന്നാൽ വരനും കൂട്ടരും തിരികെപ്പോകും. മണവാളന്റെ ശബ്ദംകേട്ട് വിവാഹവസ്ത്രം ധരിച്ച മണവാട്ടി പുറത്തുവന്നു വരനെ എതിരേറ്റാൽ അവളെയും കൂട്ടി വരൻ തന്റെ ഭവനത്തിലേക്ക് മടങ്ങും. "നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ." (ലൂക്കൊ, 12:40, 1കൊരി, 15:32, 1തെസ്സ, 3:13, 4:16, 5:23 1യോഹ, 2:28, 3:2). തുടർന്ന് വരന്റെ ഭവനത്തിലാണ് വിവാഹാഘോഷങ്ങൾ നടക്കുന്നത്. അത് ഓരോരുത്തരുടെയും കഴിവനുസരിച്ച് ദിവസങ്ങളോ ആഴ്ചകളോ നീണ്ടുനില്ക്കുന്ന വിവാഹസ

ദ്യയും ആഘോഷങ്ങളുമുണ്ടായിരിക്കും. "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും." (വെളി, 3:20, 19:7-9). തന്മൂലം സമയം യേശു ക്രിസ്തുവിനറിയില്ല എന്നല്ല; താനത് പറയുന്നത് ഉചിതമല്ല എന്നാണ് വിവക്ഷ. പ്രവൃത്തികളുടെ പുസ്തകത്തിൽ ഇതേ ചോദ്യത്തിനുള്ള മറുപടിയിൽനിന്ന് അതു മനസ്സിലാക്കാം; "ഒരുമിച്ചു കൂടിയിരുന്നപ്പോൾ അവർ അവനോടു: കർത്താവേ, നീ യിസ്രായേലിന്നു ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കി കൊടുക്കുന്നതു എന്നു ചോദിച്ചു. അവൻ അവരോടു: പിതാവു തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെ യോസമയങ്ങളേയോ അറിയുന്നതു നിങ്ങൾക്കുള്ളതല്ല." (പ്ര വൃ, 1:6-7), ഇവിടെ ഉത്തരം വ്യക്തമല്ലേ? ശിഷ്യന്മാർ അതറിയാൻ പാടില്ലെന്നാണ് യേശു പറയുന്നത്. എന്താണതിന് കാരണം? മണവാളൻ വരുന്ന സമയം കൃത്യമായി വധുവിനെ അറിയിച്ചാൽ, വധു ആ സൂക്ഷ്മസമയത്തുമാത്രം വിവാഹവസ്ത്രം ധരിച്ച് ചമയങ്ങൾ അണിഞ്ഞ് ഇരുന്നാൽ മതി. പക്ഷെ യെഹൂദന്റെ വിവാഹത്തോടുള്ള ബന്ധത്തിൽ, വിവാഹ ഉടമ്പടിമുതൽ വിവാഹംവരെ വധു നിർമ്മല കന്യക ആയിരിക്കണം. മണവാളനാകുന്ന ക്രിസ്തുവിനോടും മണവാട്ടിയാകുന്ന സഭയോടുള്ള ബന്ധത്തിലും ഇതുതന്നെയാണ് വ്യവസ്ഥ. അതു കൊണ്ടാണ് സമയത്തെക്കുറിച്ച് ചോദിച്ചപ്പോൾ താൻ പറയാതിരുന്നത്.

യെഹൂദന്റെ പ്രവാസം എഴുപത് സംവത്സരം ആയിരിക്കുമെന്ന് യിരെമ്യാപ്രവചനത്തിൽനിന്ന് കണ്ടെത്തിയതിനെ (25: 11, 29:10) ദാനിയേൽ വ്യാഖ്യാനിച്ചത് ഇങ്ങനെയാണ്; "യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പ

ണിവാൻ കല്പന പുറപ്പെടുന്നതുമുതൽ അഭിഷിക്തനാ യോരു പ്രഭുവരെ ഏഴു ആഴ്ചവട്ടം; അറുപത്തുരണ്ടു ആഴ്ചവട്ടംകൊണ്ടു അതിനെ വീഥിയും കിടങ്ങുമായി ക ഷ്ടകാലങ്ങളിൽ തന്നേ വീണ്ടും പണിയും. അറുപത്തുര ണ്ടു ആഴ്ചവട്ടം കഴിഞ്ഞിട്ടു അഭിഷിക്തൻ ഛേദിക്കപ്പെ ടും; അവന്നു ആരും ഇല്ലെന്നു വരും; പിന്നെ വരുവാനിരി ക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധ മന്ദിരത്തെയും നശിപ്പിക്കും; അവൻ ഒരു ആഴ്ചവട്ട ത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും; (ദാനീ, 9:25-27). 'സൈന്യങ്ങൾ യെരൂശലേമിനെ വളഞ്ഞിരി ക്കുന്നതു കാണുമ്പോൾ അതിന്റെ ശൂന്യകാലം അടു ത്തിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ.' (ലൂക്കോ, 21:20). "ഈ കാണുന്നതിൽ ഇടിഞ്ഞുപോകാതെ കല്ലു കല്ലിന്മേൽ ശേഷിക്കാത്ത കാലം വരും" എന്നു അവൻ പറഞ്ഞു." (ലൂക്കോ, 21:6). "അവർ വാളിന്റെ വായ്ത്ത ലയാൽ വീഴുകയും അവരെ സകലജാതികളിലേക്കും ബദ്ധരായി കൊണ്ടുപോകയും ജാതികളുടെ കാലം തി കയുവോളം ജാതികൾ യെരൂശലേം ചവിട്ടിക്കളകയും ചെയ്യും." (ലൂക്കോ, 21:24). യിരെമ്യാവിന്റെ പുസ്തക ത്തിൽനിന്ന് ഗ്രഹിച്ച യെരുശലേമിന്റെ ശൂന്യാവസ്ഥയാ യ എഴുപത് സംവത്സരത്തെ (യിര, 25:11-14) മൂന്നു ഭാ ഗങ്ങളായി തിരിച്ചാണ് ദാനിയേൽ പ്രവചിക്കുന്നത്. എഴു പത് ആഴ്ചവട്ടം 490 വർഷമാണ്. [ഒരു ദിവസത്തെ ഒരു വർഷമായി പറഞ്ഞിരിക്കുന്നതും (സംഖ്യാ, 14:34, യെ ഹെ, 4:6), ഒരു ആഴ്ചവട്ടത്തെ ഏഴു വർഷമായി പറ ഞ്ഞിരിക്കുന്നതും (ഉല്പ, 29:27-28) നോക്കുക] യെരുശ ലേമിനെ സംബന്ധിച്ച് പേർഷ്യൻ ചക്രവർത്തിമാർ പുറ പ്പെടുവിച്ച നാലു കല്പനകളാണുള്ളത്; ബി.സി. 538-ലെ കോരെശിന്റെ കല്പന; (2ദിന, 36:22-23, എസ്രാ, 1:1-4, 5:

13). ബി. സി. 520-ലെ ദാര്യാവേശ് ഒന്നാമന്റെ കല്പന; (എ സ്രാ, 6:1-12). ബി.സി. 457-ലെ അർത്ഥഹ്ശഷ്ടാവ് ലോംഗിമാനസ്സിന്റെ ഒന്നാമത്തെ കല്പന; (എസ്രാ, 7:11-26). ഈ മൂന്നു കല്പനകളും യെരുശലേമിന്റെ പുനർനിർമ്മാണത്തിനു വേണ്ടിയുള്ളതായിരുന്നു. എന്നാൽ അർത്ഥഹ്ശഷ്ടാവ് ബി.സി. 444-മാർച്ചിൽ പുറപ്പെടുവിച്ച കല്പനയാണ് ദാനിയേൽ പ്രവചിച്ച "യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി" പണിയുവാനുള്ളത്; (നെഹ, 2:1-8). കല്പന പുറപ്പെടുന്നതു മുതൽ ഏഴു ആഴ്ചവട്ടം; 7×7=49 വർഷം; ഇതു നെഹമ്യാവ് 2:1-8-മുതൽ "കർത്താവും നിയമദൂതനും" ആയ അഭിഷിക്തനെക്കുറിച്ചുള്ള യഹോവയുടെ അരുളപ്പാടുവരെയാണ്; (മലാ, 3:1). അറുപത്തിരണ്ട് ആഴ്ചവട്ടം; 62×7=434 വർഷം; മലാഖി 3:1-മുതൽ അഭിഷിക്തൻ ഛേദിക്കപ്പെടുന്ന അഥവാ ക്രിസ്തു ക്രൂശിൽ മരിക്കുന്ന എ. ഡി. 33 ഏപ്രിൽ 3-വരെയാണ്. ദാനിയേൽ പ്രവചനപ്രകാരം മശിഹ ഛേദിക്കപ്പെട്ടു കഴിഞ്ഞ് ഏഴു വർഷത്തെ മഹാപീഡനം കൂടി കഴിഞ്ഞാൽ, യെഹൂദന്റെ യഥാസ്ഥാപനം നടക്കണം. എന്നാൽ അറുപത്തൊൻപതും എഴുപതും ആഴ്ചവട്ടങ്ങൾക്കിടയിൽ പഴയനിയമത്തിൽ എഴുതപ്പെടാത്താതും, പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞുകിടന്നതുമായ ഒരു മർമ്മം വെളിപ്പെട്ടു വന്നു. (കൊലൊ, 1:26). "അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നേ." (എഫെ 3:6). അർത്ഥൽ, എഴുപതാം ആഴ്ചവട്ടം വിദൂരത്താകുകയും ജാതികളുടെ കാലം ഇടയിൽ കടന്നുകൂടുകയും ചെയ്തു. ഇതിനെയാണ് "പ്രസാദവർഷം (ലൂക്കൊ, 4:19), ജാതികളുടെ കാലം (ലൂക്കൊ, 21: 24), സുപ്രസാദകാലം (2കൊ

രി, 6:2), രക്ഷാദിവസം (2കൊരി, 6:2), കൃപായുഗം (തീത്തോ, 2:11), സഭായുഗം" (മത്താ, 16:18) എന്നൊക്കെ വിളിക്കുന്നത്.

യേശുക്രിസ്തു തന്റെ ഐഹികശുശ്രൂഷ ആരംഭിക്കുന്നത് നസറെത്തിലെ പള്ളിയിൽ നിന്നാണ്. അവിടെവെച്ച് യെശയ്യാവിന്റെ പുസ്തകത്തിലൂടെ തന്റെ ആഗമന ലക്ഷ്യം വ്യക്തമാക്കുന്നുണ്ട്; "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ........കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" (ലൂക്കോ, 4:18-19, യെശ, 61:1-2). ഇവിടെ "നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും" (യെശ, 60:2) എന്നഭാഗം വായിക്കാതെ പുസ്തകം ശുശ്രൂഷക്കാരന് തിരികെ കൊടുത്തുകൊണ്ട് (ലൂക്കോ, 4:20), പ്രതികാരദിവസം അഥവാ എഴുപതാം ആഴ്ചവട്ടത്തിന് മുമ്പ് ഒരു പ്രസാദ കാലമുണ്ടെന്ന് വ്യക്തമാക്കി. ഫിലിപ്പിന്റെ കൈസര്യയിൽവെച്ച് "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (മത്താ, 16:18) എന്നു യേശു തന്റെ നിർണ്ണയം പ്രസ്താവിക്കുകയും, പെന്തെക്കൊസ്തു നാളിൽ സഭയ്ക്ക് അടിസ്ഥാനമിടുകയും ചെയ്തു. (പ്രവൃ, 2:1-4). പെന്തെക്കൊസ്തു മുതൽ ക്രിസ്തുവിന്റെ മദ്ധ്യാകാശവരവുവരെയുള്ള കാലയളവാണ് കൃപായുഗം. ക്രിസ്തുവിന്റെ ക്രൂശുമരണവും ഉയിർപ്പും തേജസ്കരണവുമാണ് പരിശുദ്ധാത്മാവിന്റെ അവരോഹണത്തിനും സഭാസ്ഥാപനത്തിനും അടിസ്ഥാനം. (മത്താ, 16:18, യോഹ, 7:39). "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കു ഉണ്ടു; അവയെയും ഞാൻ നടത്തേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻ കൂട്ടവും ഒരിട

യനും ആകും" (യോഹ, 10:16) എന്നു ക്രിസ്തുവും, "ദൈവം തന്റെ നാമത്തിന്നായി ജാതികളിൽനിന്നു ഒരു ജനത്തെ എടുത്തു കൊൾവാൻ കടാക്ഷിച്ചു" (പ്രവൃ, 15: 14) എന്നു പത്രൊാസിനെ ഉദ്ധരിച്ചുകൊണ്ട് യാക്കോബും വ്യക്തമാക്കുന്നു. "ഇതിനോടു പ്രവാചകന്മാരുടെ വാക്യങ്ങളും ഒക്കുന്നു." (പ്രവൃ, 15:15, 13:40, ആമോ, 9:11-12, ഹബ, 1:5). പഴയനിയമപ്രവാചകന്മാർ ഈ കൃപാകാലത്തെപ്പറ്റി ആരാഞ്ഞു അന്വേഷിച്ചിരുന്നു. (1പത്രൊ, 1: 10-12, മത്താ, 13:11-17, എഫെ, 3:1-12, കൊലൊ, 1: 26). മത്തായി സുവിശേഷത്തിലെ സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങൾ ഈ കാലത്തിലാണ് നിറവേ റുന്നത്. (മത്താ, 13:1-50). യെഹൂദനെന്നും യവനനെന്നും വ്യത്യാസമില്ലാതെ, സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചതാണ് കൃപായുഗത്തിന്റെ പ്രത്യേകത. (റോമ, 10: 12, തീത്തോ, 2:11). ദൈവം ക്രിസ്തുവിലൂടെ എല്ലാവർക്കും സൌജന്യമായി ഒരുക്കിയിരിക്കുന്ന നീതിദാനം സ്വീകരിക്കുകയെന്നതാണ് കൃപായുഗത്തിൽ മനുഷ്യരുടെ കർത്തവ്യം. (റോമ, 5:17-21). "ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" (യോഹ,14:3) എന്നിങ്ങനെ കൃപാകാലത്തിനു ക്രിസ്തു പരിധിയും വെച്ചു. "അതിക്രമക്കാരുടെ അതിക്രമം തികയുകയും" (ദാനി, 8:23), "ജാതികളുടെ കാലം തികയുകയും" (ലൂക്കൊ, 21:24), "പൂർണ്ണസംഖ്യ തികയുകയും" (റോമ, 11:25) ചെയ്യുന്ന "നിനയാത്തനാഴികയിൽ' സഭായുഗം അവസാനിക്കുകയും എഴുപതാം ആഴ്ചവട്ടം കടന്നുവരുകയും ചെയ്യും. (ലൂക്കോ, 12:40, 1കൊരി, 15:51-52, 1തെസ്സ, 4:16-17).

എഴുപതാം ആഴ്ചവട്ടം അഥവാ മഹാപീഡനത്തെ

ക്കുറിച്ച് പഴയനിയമത്തിലും പുതിയനിയമത്തിലുമായി അനവധി പ്രവചനങ്ങളുണ്ട്. പല പേരുകളിൽ ഇതറിയപ്പെടുന്നു; യഹോവയുടെ ക്രോധദിവസം (സെഫ, 1:15), യഹോവയുടെ നാൾ, ദിവസം (യെശ, 2:12, 13:6), കർത്താവിന്റെ നാൾ (പ്രവൃ, 2:20), യഹോവയുടെ മഹാദിവസം (സെഫ, 1:14), യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ (മലാ, 4:5), കഷ്ടകാലം (ദാനി, 12:1), വലിയ കഷ്ടം (മത്താ, 24:21), മഹാകഷ്ടം (വെളി, 7: 14), മഹാകോപദിവസം (വെളി, 6:17), യാക്കോബിന്റെ കഷ്ടകാലം (യിര, 30:7), പരീക്ഷാകാലം (വെളി, 3:10), പ്രതികാരകാലം (ലൂക്കോ, 21:22), പ്രതികാരദിവസം (യെശ, 63:4), സംഹാരദിവസം (യോവേ, 1:15). ഇതൊക്കെ യെഹൂദന്റെ ന്യായപ്രമാണ ലംഘനത്തിനുള്ള ശിക്ഷയാണ്. (മത്താ, 23:34-36, ലൂക്കൊ, 11:9-51). ഒപ്പം യെഹൂദന്മാർ ചോദിച്ചുവാങ്ങിയ ഒരു ശിക്ഷ കൂടിയുണ്ട്. "അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെമേലും വരട്ടെ" എന്നു ജനം ഒക്കെയും ഉത്തരം പറഞ്ഞു. (മത്താ 27:25). ഇതിന്റെ ശിക്ഷയാണ് ഒരു ബോണസുപോലെ ഇക്കാലമത്രയും യെഹൂദന്മാർ അനുഭവിച്ചു കൊണ്ടിരുന്നത്. വികാരത്തള്ളലിൽ "ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ" എന്നു നിലവിളിച്ചു പറയാതിരുന്നെങ്കിൽ? എ.ഡി. 70 ഏപ്രിലിൽ ടൈറ്റസിന്റെ നേതൃത്വത്തിലുള്ള റോമൻ സൈന്യം യെരുശലേമിലെത്തി നഗരം ഉപരോധിച്ചു. അഞ്ചു മാസത്തെ ഉപരോധത്തിനൊടുവിൽ ജൂലൈ 24 -ന് അന്റോണിയ കോട്ട പിടിച്ചടക്കുകയും, ആഗസ്റ്റ് 27-ന് ദൈവാവാലയത്തിന്റെ വാതിലുകൾ തീ വെയ്ക്കുകയും ചെയ്തു. സെപ്റ്റംബർ 26 ആയപ്പോഴേക്കും നഗരം മുഴുവൻ ടൈറ്റസിന്റെ നിയന്ത്രണത്തിലാകുകയും, ദൈവാലയം ഉൾപ്പെടെ പൂർണ്ണമായി നശിപ്പിക്കപ്പെടുകയും

ചെയ്തു. തീവെച്ച് നശിപ്പിച്ചപ്പോൾ ദൈവാലയത്തെ പൊതിഞ്ഞിരുന്ന സ്വർണ്ണത്തകിടുകൾ ഉരുകിയൊലിച്ചത് ശേഖരിക്കാൻ പടയാളികൾ ദൈവാലയത്തിന്റെ അടിസ്ഥാനംവരെ ഇളക്കിയെടുത്തപ്പോൾ, "കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്കയില്ല" (മത്താ, 24:2) എന്ന ക്രിസ്തുവിന്റെ പ്രവചനവും, "വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജ നം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും" (9:26) എന്ന ദാനിയേൽ പ്രവചനവും അക്ഷരാർത്ഥത്തിൽ നിറവേറി. ദൈവാലയം ചുട്ടു ചാമ്പലാക്കപ്പെട്ടതോടെ ഘോരമായ സമരം നടന്നു. പുരുഷന്മാരെ ഒന്നടങ്കം വധിക്കാൻ ടൈറ്റസ് കല്പിച്ചു. അനേകായരങ്ങൾ ക്രൂശിക്കപ്പെട്ടു; അനേകായിരംപേർ വാളിനിരയായി; നഗരം നിരോധിച്ചതുമുതൽ പതിനാലു ലക്ഷത്തോളം പേർ കൊല്ലപ്പെട്ടു. അടിമകളായി പിടിച്ചവരെ മിസ്രയീമിലേക്കു അയച്ച് അടിമച്ചന്തകളിൽ വില്ക്കുവാൻ നിർത്തി. അവരെ വിലയ്ക്കുവാങ്ങുവാൻ ആളില്ലാതെ വന്നപ്പോൾ; "യഹോവ നിന്നെ കപ്പൽ കയറ്റി മിസ്രയീമിലേക്കു മടക്കി ക്കൊണ്ടുപോകും; അവിടെ നിങ്ങളെ ശത്രുക്കൾക്കു അടിയാരും അടിയാട്ടികളുമായി വില്പാൻ നിർത്തും; എന്നാൽ നിങ്ങളെ വാങ്ങുവാൻ ആരും ഉണ്ടാകയില്ല" (ആവ, 28:68) എന്ന മോശെയുടെ പ്രവചനത്തിനും നിവൃത്തിവന്നു. "അവസാനത്തോളം യുദ്ധമുണ്ടാകും; ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു." (ദാനി, 9:26). എ.ഡി. 132-ൽ റോമൻ ചക്രവർത്തി ഹാഡ്രിയാന്റെ (117-138) കാലത്തു മശിഹായെന്നവകാശപ്പെട്ട 'ബെൽ കൊസിബായുടെ' നേതൃത്വത്തിൽ അഞ്ചു ലക്ഷത്തോളം യെഹൂദന്മാർ വിപ്ലവത്തിനു തയ്യാറാകുകയും ദൈവാലയനിർമ്മാണത്തിനു തുടക്കമിടുകയും ചെയ്തു. എന്നാൽ എ.ഡി. 135-ൽ യെഹൂദാവിപ്ലവം നിഷ്കരുണം അടി

ച്ച മർത്തപ്പെടുകയും, യെരുശലേം വീണ്ടും ഇടിച്ചുനിര ത്തി ഒരു റോമൻ നഗരിയാക്കി മാറ്റി, യെഹൂദനു പ്രവേ ശനം നിഷേധിക്കുകയും; പരിച്ഛേദനാകർമ്മം നിയമവി രുദ്ധമാക്കുകയും, മതാനുഷ്ഠാനങ്ങളെല്ലാം നിരോധി ക്കുകയും ചെയ്തതോടെ യെഹൂദന്മാർ ലോകംമുഴുവ ൻ ചിതറിപ്പോകുകയും ചെയ്തപ്പോൾ; "അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകലജാതികളി ലേക്കും ബദ്ധരായി കൊണ്ടുപോകയും ജാതികളുടെ കാലം തികയുവോളം ജാതികൾ യെരൂശലേം ചവിട്ടിക്ക ളകയും ചെയ്യും" (ലൂക്കോ, 21:24) എന്ന യേശുവിന്റെ പ്രവചനവും, "യഹോവ നിന്നെ ഭൂമിയുടെ ഒരറ്റംമുതൽ മറ്റെഅറ്റംവരെ സർവ്വജാതികളുടെയും ഇടയിൽ ചിതറി ക്കും;" (ആവ, 28:64) എന്ന മോശെയുടെ പ്രവചനവും ചരിത്രമായി മാറി.

യേശുക്രിസ്തു മഹോപീഡനത്തെക്കുറിച്ചും മഹത്ത്വ പ്രത്യക്ഷതയെക്കുറിച്ചും പറഞ്ഞശേഷം, ശിഷ്യന്മാർ ചോദിച്ച അടയാളവും പറയുന്നുണ്ട്: "അത്തിയെ നോ ക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പു ഇളതായി ഇ ല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ ഇതു ഒക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നേ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊ ൾവിൻ. ഇതൊ ക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോ കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയു ന്നു." (മത്താ, 24:32-34, മർക്കൊ, 13:28-30, ലൂക്കൊ, 21:29-32). യിസ്രായേലിനെ മൂന്നു വൃക്ഷങ്ങളോടു ഉപമി ച്ചിട്ടുണ്ട്: "അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരിവള്ളിയി ൽ അനുഭവം ഉണ്ടാകയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായ്പോകും;" (ഹബ, 3:17, ആമോ, 4:9). ആ

ത്മീയമായും രാഷ്ട്രീയമായും മുന്തിരിവള്ളിയോടും അത്തിവൃക്ഷത്തോടുമാണ് ഉപമിച്ചിരിക്കുന്നത്; "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു;" (യോഹ, 15:5), "മുന്തിരിവള്ളിയിൽ മുന്തിരിപ്പഴം ഉണ്ടാകയില്ല; അത്തിവൃക്ഷത്തിൽ അത്തിപ്പഴം ഉണ്ടാകയില്ല; ഇലയും വാടിപ്പോകും; അവരെ ആക്രമിക്കുന്നവരെ ഞാൻ നിയമിച്ചിരിക്കുന്നു." (യിരെ, 8:13), "മുന്തിരിവള്ളികളെയും അത്തിവൃക്ഷങ്ങളെയും ഞാൻ നശിപ്പിച്ചു കാടാക്കും; കാട്ടുമൃഗങ്ങൾ അവയെ തിന്നുകളയും." (ഹോശേ, 2:12, 2രാജാ, 18: 31, യെശ, 34:4, 36:16, യിരെ, 5:17, ഹോശേ, 9:10, യോവേ, 1:7). സൌന്ദര്യത്തെ ഒലിവുവൃക്ഷത്തോടും ഉപമിച്ചിരിക്കുന്നു; "യിസ്രേയേലിന്റെ കൊമ്പുകൾ പടരും; അവന്റെ ഭംഗി ഒലിവു വൃക്ഷത്തിൻ ഭംഗി പോലെയും അവന്റെ വാസന ലെബാനോ ന്റേതുപോലെയും ഇരിക്കും." (ഹോശേ, 14:6), "മനോഹരഫലങ്ങളാൽ ശോഭിതമായ പച്ച ഒലിവുവൃക്ഷം എന്നു യഹോവ നിനക്കു പേർവിളിച്ചിരുന്നു;" (യിരെ, 11:16 സങ്കീ,52:8, 128:3).

ബി.സി. 722-ൽ ഏലാമിന്റെ മകനായ ഹോശേയയുടെ ഭരണകാലത്ത് അശ്ശൂർ രാജാവായ ശൽമനേസെർ ശമര്യയെ കീഴടക്കി പത്തു ഗോത്രങ്ങളെയും ബദ്ധരാക്കി കൊണ്ടുപോയതോടുകൂടി വടക്കേരാജ്യമായ യിസ്രായേൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. (2രാജാ, 15:30, 17:1-6, 18:9-12). ബി. സി. 597-ൽ യെഹൂദരാജാവായ യെഹോയാഖീൻ രാജാവിനെ ബാബേൽ രാജാവായ നെബുക്കദ്നേസർ തോല്പിച്ചു തടവുകാരനായി കൊണ്ടുപോയശേഷം, ബാബേൽരാജാവ് അവന്റെ ചിറ്റപ്പനായ മത്ഥന്യാവെ സിദെക്കീയാവ് എന്നു പേരു മാറ്റി അവനു പകരം വാഴിച്ചു. എന്നാൽ സിദെക്കീയാവും ബാബേ

ൽരാജാവിനെ കോപിപ്പിച്ചു. (2രാജാ, 24:15-20). അവന്റെ വാഴ്ചയുടെ ഒമ്പതാം ആണ്ടിൽ (ബി.സി. 588) ബാബേൽരാജാവ് സർവ്വസൈന്യവുമായി യെഹൂദ്യയിൽവന്ന് പതിനൊന്നാം ആണ്ടുവരെ നഗരം ഉപരോധിക്കുകയും, പതിനൊന്നാം ആണ്ടിൽ (ബി.സി. 586 ജൂലൈ മാസത്തിൽ) സിദെക്കിയാവിന്റെ പുത്രന്മാരെ അവന്റെ മുമ്പിൽവെച്ച് കൊല്ലുകയും അവനെ കണ്ണു കുത്തിപ്പൊട്ടിച്ച് ബാബേലിലേക്ക് കൊണ്ടുപോകുകയും ചെയ്തു. (2രാജാ, 25:1-7, യിരെ, 39:1-7). അതോടുകൂടി തെക്കേരാജ്യമായ യെഹൂദ്യയുടെ ഭരണത്തിനും തിരശ്ശീല വീണു. തുടർന്നാണ് നെബുക്കദ്നേസർ കണ്ട ബിംബത്തിന്റെ സ്വപ്നവും (ദാനി, 2:31-43), ദാനിയേൽ കണ്ട സമുദ്രത്തിൽനിന്നു കരേറിവരുന്ന തമ്മിൽ ഭേദിച്ചിരിക്കുന്ന നാലു മഹാമൃഗങ്ങളുടെ സ്വപ്നവും (ദാനി, 7:1-17) നിറവേറുന്നത്. ബിംബത്തിന്റെ തലയും നാലു മഹാമൃഗങ്ങളിലെ സിംഹവും ബാബേൽരാജാവിന്റെ ഭരണത്തെ കുറിക്കുന്നു. യിരെമ്യാവ് പ്രവചിച്ച ബാബേൽപ്രവാസം 70 സംവത്സരമാണ്. (യിരെ, 25:11,12, 29:10). കാലം കണക്കാക്കുന്നത് രണ്ടു രീതിയിലാണ്. ദേശീയം: നെബുക്കദ്നേസറിന്റെ ആദ്യത്തെ ആക്രമണം മുതൽ കോരെശിന്റെ വിളംബരം വരെയാണ്. അത് ബി.സി. 606-മുതൽ (2രാജാ, 24:1) ബി.സി. 538-വരെയാണ്. (എസ്രാ, 1:2-4). മതപരം: യെരുശലേം ദൈവാലയം നെബുക്കദ്നേസർ അഗ്നിക്കിരയാക്കിയതു മുതൽ പുനർനിർമ്മാണം വരെയുള്ളത്. അത് ബി.സി. 587-മുതൽ (2രാജാ, 25:8-9) ബി.സി. 517-വരെയാണ്. (എസ്രാ, 1:1-13, 5:14). ദാര്യാവേശും കോരെശും ചേർന്ന് ബേൽശസ്സറിനെ ആക്രമിച്ചതോടു കൂടി നെബുക്കദ്നേസർ കണ്ട ബിംബത്തിന്റെ തങ്കം കൊണ്ടുള്ള തലയും (ദാനി, 2:21), ദാനിയേൽ കണ്ട

സിംഹസദൃശമൃഗവുമായ (ദാനി,7:4) ബാബേലിന്റെ ഭരണം അവസാനിച്ചു. ദൈവജനം മേദ്യപേർഷ്യ സാമ്രാജ്യത്തിന്റെ അടിമത്വത്തിലായി.

"എഴുപതു സംവത്സരം തികയുമ്പോൾ, ഞാൻ ബാബേൽ രാജാവിനെയും ആ ജാതിയെയും കല്ദയരുടെ ദേശത്തെയും അവരുടെ അകൃത്യംനിമിത്തം സന്ദർശിച്ചു അതിനെ ശാശ്വതശൂന്യമാക്കിത്തീർക്കും എന്നു യഹോവയുടെ അരുളപ്പാടു." (യിരെ, 25:12). ബാബിലോണിന്റെ അവസാനത്തെ രാജാവായ നബോണിഡസിന്റെ (ബി.സി. 555--539) കാലത്ത്, തന്റെ പുത്രനും നെബുക്കദ്നേസർ രണ്ടാമന്റെ പൌത്രനുമായ ബേൽശസ്സർ തന്റെ വെപ്പാട്ടികളുമായി, യെരുശലേം ദൈവാലയത്തിലെ പൊൻവെള്ളി പാത്രങ്ങളിൽ വീഞ്ഞു കുടിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവത്തിന്റെ ന്യായവിധിയുണ്ടായി. (ദാനി, 5:1-6). ആ രാത്രിയിൽത്തന്നെ ബേൽശസ്സർ കൊല്ലപ്പെടുകയും മേദ്യയനായ ദാര്യാവേശും പാർസിരാജാവായ കോരെശും ചേർന്ന് ബാബിലോൺ കീഴടക്കുകയും ചെയ്തു. (ദാനി, 5:30-31, എസ്രാ, 1:1, യെശ, 45: 1-4). ലോകസാമ്രാജ്യങ്ങളെക്കുറിച്ച് നെബുക്കദ്നേസർ കണ്ട ബിംബത്തിന്റെ വെള്ളി കൊണ്ടുള്ള നെഞ്ചിന്റെയും കയ്യുടേയും സ്വപ്നവും (ദാനി, 5:32), ദാനിയേൽ കണ്ട കരടിയോടു സദൃശമായതും ഒരു പാർശ്വം ഉയർത്തിയും വായിൽ മൂന്നു വാരിയെല്ലു കടിച്ചുപിടിച്ചുംകൊണ്ടു നിൽക്കുന്നതുമായ മൃഗവും (ദാനി, 7:5), ഊലായിതീരത്തു നിൽക്കുന്നതും രണ്ടു കൊമ്പുകളിൽ ഒന്നു നീളം കൂടിയതായിക്കണ്ട ആട്ടുകൊറ്റനും (ദാനി, 8:3,4) മേദ്യപേർഷ്യ സാമ്രാജ്യത്തിന്റെ ബി.സി. 539-മുതൽ 331-വരെയുള്ള ഭരണത്തെ കുറിക്കുന്നു. ഒരു പാർശ്വം ഉയർത്തിയതും രണ്ടു കൊമ്പുകളിൽ ഒന്നു നീളംകൂടിയതായി

കണ്ടതും, മേദ്യരേക്കാൾ പേർഷ്യക്കാണ് മുൻതൂക്കമുള്ളതെന്ന് കാണിക്കുന്നു. വായിൽ മൂന്നു വാരിയെല്ലുകൾ കടിച്ചുപിടിച്ചിരിക്കുന്നത് കോരെശിന്റെ നേതൃത്വത്തിൽ മേദ്യരും പേർഷ്യരും ചേർന്ന് കീഴടക്കിയ 'കിഴക്കൻ ബാബേൽ, തെക്കുള്ള മിസ്രയിം, ഏഷ്യമൈനറിലെ ലുദിയ' എന്നിവയെ കുറിക്കുന്നു. ബിസി. 334-ൽ ഫിലിപ്പിന്റെ പുത്രനും മക്കദോന്യക്കാരനും ഗ്രീസിന്റെ രാജാവുമായിരുന്ന അലക്സാണ്ടർ (പടിഞ്ഞാറുനിന്ന് നിലംതൊടാതെ വന്ന കോലാട്ടുകൊറ്റൻ (ദാനി, 8:5) കിത്തിം ദേശത്തുനിന്നു മേദ്യപേർഷ്യ കീഴടക്കാൻ പുറപ്പെടുകയും (1മക്ക, 1:1), ഗ്രാനിക്കസ് നദീതീരത്തുവെച്ച് പേർഷ്യക്കാർ അവനുമായി ഏറ്റുമുട്ടി പരാജയപ്പെടുകയും, ബി.സി. 331-ൽ ടൈഗ്രീസ് നദിയുടെ കിഴക്ക് അർബേലയിൽ വെച്ച് ദാര്യാവേശ് മൂന്നാമന്റെ അശ്വസൈന്യത്തെ അലക്സാണ്ടർ തോല്പിച്ചതോടു കൂടി, ദാനിയേൽ കണ്ട രണ്ടാം മൃഗത്തിന്റെ ഭരണം അസ്ത മിക്കുകയും, ദൈവജനം ഗ്രീസിന്റെ അടിമത്വത്തിലാകുകയും ചെയ്തു. (1മക്ക, 1:1, ദാനി, 8:5-7).

"പിന്നെ വിക്രമനായൊരു രാജാവു എഴുന്നേല്ക്കും; അവൻ വലിയ അധികാരത്തോടെ വാണു ഇഷ്ടംപോലെ പ്രവർത്തിക്കും. അവൻ നില്ക്കുമ്പോൾ തന്നേ, അവന്റെ രാജ്യം തകർന്നു, ആകാശത്തിലെ നാലു കാറ്റിലേക്കും ഭേദിച്ചു പോകും; അതു അവന്റെ സന്തതിക്കല്ല അവൻ വാണിരുന്ന അധികാരംപോലയുമല്ല അവന്റെ രാജത്വം നിർമ്മൂലമായി അവർക്കല്ല അന്യർക്കും അധീനമാകും. എന്നാൽ തെക്കെ ദേശത്തിലെ രാജാവു പ്രാബല്യം പ്രാപിക്കും; അവന്റെ പ്രഭുക്കന്മാരിൽ ഒരുത്തൻ അവനെക്കാൾ പ്രബലനായി വാഴും; അവന്റെ ആധിപത്യം മഹാധിപത്യമായ്തീരും." (ദാനീ, 11:3-5). 331-ൽ ദാര്യാവേ

ശിനെ കീഴടക്കിയ വിക്രമനായ രാജാവ് (അലക്സാണ്ടർ) ഭൂമിയുടെ അതിർത്തികൾവരെ കീഴടക്കി മുന്നേറി 327-ൽ ഇന്ത്യവരെയെത്തി. (1മക്ക,1:3). മടക്കയാത്രയിൽ ബാബിലോണിൽവെച്ച് മലമ്പനി ബാധിച്ചു; അങ്ങനെ ബി.സി. 356-ൽ പെല്ലയിൽ ജനിച്ച്, 336-ൽ പിതാവ് വധിക്കപ്പെട്ടതിനെ തുടർന്ന് രാജാവായി ലോകംമുഴുവൻ കീഴടക്കാൻ ഇറങ്ങിപ്പുറപ്പെട്ട അലക്സാണ്ടർ; തന്റെ പന്ത്രണ്ടു വർഷത്തെ ഭരണത്തിനൊടുവിൽ 323 ജൂൺ 13-ന് അകാലചരമം പ്രാപിച്ചു. (1മക്ക, 1:7). 'അവന്റെ സന്തതിക്കല്ല അന്യർക്കു അധീനമാകും' എന്ന പ്രവചനം അനുസരിച്ചു അലക്സാണ്ടറുടെ മരണശേഷം തന്റെ നാലു സൈന്യാധിപന്മാർ സാമ്രാജ്യം പങ്കിട്ടെടുത്തു. (1മക്ക, 1: 6-9). 'വലിയകൊമ്പു തകർന്നുപോയി; പകരം ഭംഗിയുള്ള നാലു കൊമ്പു മുളെച്ചുവന്നു.' (ദാനി, 8:8). പേർഷ്യ ഉൾപ്പെട്ട ഏഷ്യൻഭാഗങ്ങൾ അന്ത്യോക്ക്യ തലസ്ഥാനമാക്കി 'സെല്യൂക്കസും,' ഈജിപറ്റ്, പലസ്തീൻ, അറേബ്യ മേഖലകൾ അലക്സാണ്ട്രിയ കേന്ദ്രമാക്കി 'ടോളമിയും,' മിഥിന്യ പ്രദേശങ്ങൾ 'ലിസിമാക്കസും,' മാസിഡോണിയയും ഗ്രീസും 'സിസാണ്ടറും,' കയ്യടക്കി ഭരിച്ചു. ബി.സി. 315-മുതൽ ബി.സി. 198-വരെ യെഹൂദജനത ടോളമിയുടെ ഭരണത്തിൻ കീഴിലായിരുന്നു. ടോളമി രാജാക്കന്മാർ വളരെ സഹിഷ്ണുതയോടു കൂടിയാണ് യെഹൂദന്മാരോടു പെരുമാറിയിരുന്നത്. ടോളമി ഫിലഡൽഫസിന്റെ (ബി.സി. 285-247) കാലത്താണ് ബി.സി. 250-ൽ അലക്സാണ്ട്രിയയിലുള്ള എഴുപത് യഹൂദ പണ്ഡിതന്മാർ എഴുപത് ദിവസംകൊണ്ട് പഴയനിയമം ഗ്രീക്കുഭാഷയിലേക്ക് (സെപ്റ്റ്വജിന്റ്, LXX) വിവർത്തനം ചെയ്തത്. ബി.സി. 198-ൽ നടന്ന പാനിയം യുദ്ധത്തിൽ സെല്യൂക്കസ് രണ്ടാമന്റെ ഇളയമകനായ അന്ത്യോക്കസ് മൂന്നാമൻ (ബി. സി.

223-187) ഈജിപ്റ്റിനെ തോല്പിച്ച് പലസ്തീൻ കൈടക്കിയതോടു കൂടി ദൈവജനം സിറിയയുടെ ആധിപത്യത്തിലായി. മാഗ്നേഷ്യാ യുദ്ധത്തിൽ (ബി.സി. 190) ഇയാൾ റോമിനോടു പരാജയപ്പെടുകയും, ബി.സി. 187-ലെ ഒരു ലഹളയിൽ കൊല്ലപ്പെടുകയും ചെയ്തു (ദാനി, 11:10-19). തുടർന്ന് അന്ത്യോക്കസ് മൂന്നാമന്റെ മൂത്തമകനായ സെല്യൂക്കസ് ഫിലോപേറ്ററുടെ (ബി.സി. 187-175) ഭരണത്തിൻ കീഴിലും (ദാനി, 11:20), പിന്നെ തിന്മയുടെ വേരും നിന്ദ്യനുമായ അന്ത്യോക്കസ് എപ്പിഫാനസിന്റെ (ബി.സി. 175-164) ഭരണത്തിൻ കീഴിലുമായി. (ദാനി, 11: 21-44, 1മക്ക, 1:10-64). അന്തിക്രിസ്തുവിന്റെ നിഴലായ ഇവന്റെ കീഴിൽ യെഹൂദാജനം സമാനതകളില്ലാത്ത കഷ്ടം സഹിച്ചു. ബി.സി. 169-ൽ ഈജിപ്റ്റ് കീഴടക്കിയ ശേഷം യെരുശലേമിൽ വന്ന ഇവൻ ദൈവാലയത്തിന്റെ വിശുദ്ധസ്ഥലത്ത് പ്രവേശിക്കയും സ്വർണ്ണബലിപീഠവും വിളക്കുകാലുകളും പാനീയബലിക്കുള്ള ചഷകങ്ങളും സ്വർണ്ണധൂപകലശവും തിരശ്ശീലയും കിരീടങ്ങളും പൂമുഖത്തെ കനകവിതാനങ്ങളും സ്വർണ്ണവും വെള്ളിയും വിലപിടിച്ച പാത്രങ്ങളും ഒളിച്ചുവെച്ചനിധികളും കണ്ടെത്തി കൊള്ളയടിച്ചു സ്വദേശത്തേക്ക് മടങ്ങിപ്പോയി. (1മക്ക, 1:20-24, ദാനി, 11:25-28). ബി.സി. 167-ൽ തന്റെ ചുങ്കം പിരിവുകാരിൽ പ്രമുഖനായ ഒരുത്തനെ വലിയ സൈന്യത്തോടെ യെരുശലേമിലേക്ക് അയക്കുകയും, അവൻ നഗരം കൊള്ളയടിക്കുകയും അതിനെ അഗ്നിക്കിരയാക്കുകയും, വീടുകളും നഗരഭിത്തികളും തകർക്കുകയും, യെഹൂദന്മാരെ നിർദ്ദയം കൊന്നൊടുക്കുകയും സ്ത്രീകളെയും കുഞ്ഞുങ്ങളെയും തടവുകാരായി പിടിക്കുകയും കന്നുകലികളെ കവർച്ചചെയ്യുകയും ചെയ്തു. (1മക്ക, 1:29-32). ശബ്ബത്തിനും പരിച്ഛേദനയ്ക്കുമ

െതിരെ നിയമം പാസാക്കുകയും, പെരുന്നാളുകൾ നിരോധിക്കുകയും യാഗങ്ങൾ നിർത്തലാക്കുകയും ചെയ്തു. ദൈവാലയത്തിന്റെ ഹോമയാഗപീഠത്തിന്റെ സ്ഥാനത്തു സൂയസ് ദേവന്റെ ബലിപീഠം പണിയുകയും പന്നി മുതലായ നിഷിദ്ധമൃഗങ്ങളെ ബലിയർപ്പിക്കുകയും ചെയ്തു.(1മക്ക, 1:44- 47). ബി.സി. 167 കിസ്ലേവ് മാസം പതിനഞ്ചാം തീയതി യാഗപീഠത്തിന്മേൽ 'ശൂന്യമാക്കുന്ന മ്ലേച്ഛബിംബത്തെ' പ്രതിഷ്ഠിക്കുകയും ചെയ്തു. (ദാനി, 11:31, 1മക്ക, 1:54). ബി. സി. 164-ൽ മത്തഥ്യാസിന്റെ പുത്രനായ യൂദാസിന്റെ നേതൃത്വത്തിൽ ദൈവാലയം പിടിച്ചെടുക്കുകയും കിസ്ലേവ് മാസം ഇരപത്തഞ്ചാം തീയതി നിരന്തരഹോമയാഗം പുനഃസ്ഥാപിക്കുകയും ചെയ്തും. (1മക്ക, 4:52-53). ബിസി. 63-ൽ പോംപി സിറിയയെ കീഴടക്കിയപ്പോൾ സെല്യൂക്ക്യവംശത്തിനു തിരശ്ശീല വീഴുകയും, ദാനിയേൽ കണ്ട മൂന്നാം മൃഗത്തിന്റെ വായിൽനിന്ന് നാലാം മൃഗമായ റോമിന്റെ ഇരുമ്പു പല്ലുകൾക്കിടയിലേക്ക് ദൈവജനം മാറ്റപ്പെടുകയും ചെയ്തു. (ദാനി, 7;7).

"നാലാമത്തെ രാജത്വം ഇരിമ്പുപോലെ ബലമുള്ളതായിരിക്കും; ഇരിമ്പു സകലത്തെയും തകർത്തു കീഴടക്കുന്നുവല്ലോ. തകർക്കുന്ന ഇരിമ്പുപോലെ അതു അവയെ ഒക്കെയും ഇടിച്ചു തകർത്തുകളയും. കാലും കാൽ വിരലും പാതി കളിമണ്ണും പാതി ഇരുമ്പുംകൊണ്ടുള്ളതായി കണ്ടതിന്റെ താല്പര്യമോ: അതു ഒരു ഭിന്നരാജത്വം ആയിരിക്കും; എങ്കിലും ഇരിമ്പും കളിമണ്ണും ഇടകലർന്നതായി കണ്ടതുപോലെ അതിൽ ഇരിമ്പിന്നുള്ള ബലം കുറെ ഉണ്ടായിരിക്കും." ദാനീ, 2:40-41, 7:7). ബി. സി. 63-മുതൽ 31-വരെ റോമിൽ ആഭ്യന്തരവിപ്ലവം നടന്നു. ബി.സി. 60-ൽ ഒന്നാമത്തെ ത്രിനായകത്വം (triumvira-te) നിലവിൽ

വന്നു. അതിൽ ജൂലിസ് സീസർ, പോംപി, ക്രാസ്സസ് എന്നിവർ ഉൾപ്പെട്ടിരുന്നു. ബി.സി. 44 മാർച്ച് 15-ന് ജൂലിയസ് സീസർ വധിക്കപ്പെട്ടു. രണ്ടാമത്തെ ട്രയംവിറേറ്റിൽ (ബി.സി. 43) ഒക്ടേവിയനും, ആന്റണിയും, ലെപിഡസും ഉൾപ്പെട്ടതായിരുന്നു. ബി.സി. 31-ൽ നടന്ന 'ആക്ടിയം' യുദ്ധത്തോടുകൂടി ഒക്ടേവിയൻ (അഗസ്റ്റസ് സീസർ) റോമിന്റെ പരമാധികാരിയായതോടെ റോമിന്റെ സാമ്രാജ്യകാലം ആരംഭിച്ചു. അഗസ്റ്റസ് സീസറിന്റെ (ബി.സി. 31 - എ. ഡി. 14) മശിഹ ഭൂജാതനായി. തിബെര്യോസ് കൈസറുടെ (എ.ഡി. 14-37) കാലത്താണ് യോഹന്നാൻ സ്നാപകന്റെയും യേശുവിന്റെയും ശുശ്രൂഷകൾ. സ്വന്തജനത്തിന് ദൈവരാജ്യം സ്ഥാപിച്ചു നല്കാൻ വന്ന മശിഹയെ (മർക്കൊ, 1:15) യെഹൂദർ തിരസ്ക്കരിക്കുകവഴി, റോമൻ ചക്രവർത്തിമാരായ വെസ്പേഷ്യന്റെ (എ.ഡി. 69-79) കാലത്ത് എ.ഡി.70-ലും, ഹാദ്രിയാന്റെ (എ.ഡി. 117-138) കാലത്ത് എ.ഡി. 135-ലുമായി ലോകംമുഴുവൻ ചിതറിപ്പോകുകയും ചെയ്തു. റോമാസാമ്രാജ്യം ഡയോക്ളീഷന്റെ (എ.ഡി. 284-305) കാലത്ത് കിഴക്കേരാജ്യം പടിഞ്ഞാറേരാജ്യം എന്നിങ്ങനെ വിഭജിക്കുകയും, എ.ഡി. 376-ൽ റോമുലസ് അഗസ്റ്റലസിന്റെ (എ.ഡി. 375-376) ഭരണകാലത്ത് പാശ്ചാത്യ സാമ്രാജ്യം അസ്തമിക്കുകയും ചെയ്തു. ഇരുമ്പുഭരണം (ദാനി, 2:41) പിന്നെയും ആയിരം വർഷംകൂടി തുടർന്നു. എ.ഡി. 1453-ൽ കോസ്റ്റന്റൈൻ പതിനൊന്നാമന്റെ (എ.ഡി. 1449-1453) കാലത്ത് പൌരസ്ത്യ റോമാസാമ്രാജ്യവും അസ്തമിച്ചതോടുകൂടി, ദാനിയേൽ കണ്ട ഘോരവും ഭയങ്കരവുമായ മൃഗവും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. (7;7).

"യെരൂശലേമേ, നിന്നെ ഞാൻ മറക്കുന്നു എങ്കിൽ എന്റെ വലങ്കൈ മറന്നുപോകട്ടെ. നിന്നെ ഞാൻ ഓർക്കാ

തെ പോയാൽ, യെരൂശലേമിനെ എന്റെ മുഖ്യസന്തോഷ ത്തെക്കാൾ വിലമതിക്കാതെ പോയാൽ, എന്റെ നാവു അണ്ണാക്കിനോടു പറ്റിപ്പോകട്ടെ." (സങ്കീ, 137:5-6). അ ശ്ശൂർ രാജാവ് ശമര്യ കീഴടക്കിയ ബി.സി. 722-മുതൽ പ്ര വാസത്തിൽ പോയ യെഹൂദന്മാർ ഹോശേയ പ്രവചനം പോലെ; രാജ്യമില്ലാതെയും രാജാവുമില്ലാതെയും പ്രഭുവി ല്ലാതെയും യാഗമില്ലാതെയും പ്രതിഷ്ഠയില്ലാതെയും ഏ ഫോദില്ലാതെയും ഗൃഹബിംബമില്ലാതെയും ബഹുകാലം തള്ളിനീക്കി. (ഹോശേ, 3:4). 2670 വർഷംകഴി ഞ്ഞ് 1948 മെയ് 14-ന് 'ഡേവിഡ് ബെൻഗൂറിയൊൻ" പ്രധാന മന്ത്രിയായും, 'ചെയിം വെയ്സ്മാൻ' പ്രസിഡന്റുമായി ടെ ൽ അവീവ് കേന്ദ്രമാക്കി യിസ്രായേൽ രാഷ്ടം സ്ഥാപി തമായി. ബ്രിട്ടൻ പലസ്തീനിൽനിന്ന് പിൻമാറാൻ തീരു മാനിച്ച അന്നു തന്നെ രാഷ്ട്രപ്പിറവി ഉണ്ടായപ്പോൾ യെ ശയ്യാപ്രവചനം അക്ഷരംപ്രതി നിവർത്തിയാകുകയായി രുന്നു; "ഈവക ആർ കേട്ടിട്ടുള്ളു? ഇങ്ങനെയുള്ളതു ആർ കണ്ടിട്ടുള്ളു? ഒരു ദേശം ഒരു ദിവസംകൊണ്ടു പിറ ക്കുമോ? ഒരു ജാതി ഒന്നായിട്ടു തന്നേ ജനിക്കുമോ? സീ യോനോ നോവുകിട്ടിയ ഉടൻ തന്നേ മക്കളേ പ്രസവിച്ചി രിക്കുന്നു." (66:8). പലസ്തീനുവേണ്ടിയുള്ള ഐക്യരാഷ് ടസഭയുടെ പ്രത്യേക കമ്മിറ്റി 1947 മെയ് 15-നു രൂപീ കരിക്കപ്പെട്ടു. പലസ്തീൻ വിഭജിച്ച് അറബികൾക്കും യെഹൂദർക്കും പ്രത്യേക സംസ്ഥാനങ്ങൾ നല്കുന്നതിന് 19-47 നവംബർ 23-ന് മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ പ്രമേയം പാസാക്കിയതോടെയാണ് യിസ്രായേൽ രാഷ് ട്രരൂപീകരണത്തിനു വഴി തെളിഞ്ഞത്. യിസ്രായേൽ രാ ഷ്ട്രം ഉണ്ടായി ഒരു മണിക്കൂറിനുള്ളിൽ അമേരിക്കയും, മൂന്നു ദിവസത്തിനുള്ളിൽ സോവിയറ്റ് യൂണിയനും, നാ ലു ദിവസത്തിനകം ഫ്രാൻസ്, ബെൽജിയം, ഇറ്റലി, ഹോ

ളണ്ട്, സ്വിറ്റ്സർലണ്ട്, ആസ്ട്രേലിയ, ന്യൂസിലാണ്ട്, ഡെൻ മാർക്ക്, നോർവെ, ലാറ്റിൻ അമേരിക്ക തുടങ്ങിയ രാജ്യ ങ്ങളും, ദക്ഷിണാഫ്രിക്ക മെയ്24-നും, ക്യാനഡ 1948-ന് ഒടുവിലും, പത്തു മാസത്തിനുശേഷം ബ്രിട്ടനും യിസ്രാ യേൽ രാഷ്ട്രത്തെ അംഗീകരിച്ചതോടെ, ഇനി സ്വന്തരാ ജ്യത്തിൽനിന്ന് ആരും തങ്ങളെ പറിച്ചെറിയാതെവണ്ണം യിസ്രായേൽ വലിയൊരു ശക്തിയായിത്തീർന്നപ്പോൾ മ റ്റൊരു പ്രവചനത്തിനും നിവൃത്തിയായി; "അവൻ എ ന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവചിച്ചപ്പോൾ ശ്വാസം അവരിൽ വന്നു; അവർ ജീവിച്ചു ഏറ്റവും വലിയ സൈ ന്യമായി നിവിർന്നുനിന്നു." (യെഹെ, 37:10). യു.എൻ പൊതുസഭയിൽ സോവിയറ്റ് യൂണിയനും അമേരിക്ക യും ബ്രിട്ടനും ചേർന്നാണ് യിസ്രായേൽ രാഷ്ട്രരൂപീകര ണത്തിനുള്ള പ്രമേയം അവതരിപ്പിച്ചത്. 8600 ച.കി.മീറ്റ ർ യെഹൂദന്മാർക്കും 6450 ച.കി.മീറ്റർ അറബികൾക്കും യെരുശലേമും അതിനു ചുറ്റുമുള്ള 490 ച.കി. മീറ്റർ ഐക്യരാഷ്ട്രസഭയുടെ പ്രത്യേക ഭരണത്തിൻ കീഴിലാ ക്കുന്നതിനുമാണ് പ്രമേയം പാസാക്കിയത്. എന്നാൽ 1967 ജൂൺ 5--10-ലെ ആറുദിന യുദ്ധത്തോടുകൂടി അ വശേഷിച്ച സ്ഥലങ്ങൾകൂടി യിസ്രായേൽ കൈവശമാ ക്കി. ഗാസാ മുനമ്പും സീനായ് ഉപദ്വീപും ഈജിപ്റ്റിൽനി ന്നും, വെസ്റ്റ് ബാങ്ക് (കിഴക്കൻ യെരുശലേം ഉൾപ്പെടെ) ജോർദ്ദാനിൽനിന്നും, ഗോലാൻകുന്ന് സിറിയയിൽനി ന്നും പിടിച്ചെടുത്തപ്പോൾ; "ഞാൻ യെരൂശലേമിനെ ചു റ്റുമുള്ള സകലജാതികൾക്കും ഒരു പരിഭ്രമ പാത്രമാ ക്കും" (സെഖ, 12:2) എന്ന പ്രചനവും നിറവേറി. ഇന്ന് യെരുശലേം സകല ജാതികൾക്കും ഭാരമുള്ള കല്ലാണ്; "അന്നാളിൽ ഞാൻ യെരൂശലേമിനെ സകലജാതികൾ ക്കും ഭാരമുള്ള കല്ലാക്കി വെക്കും; അതിനെ ചുമക്കുന്ന

വരൊക്കെയും കഠിനമായി മുറിവേല്ക്കും." (സെഖ, 12: 3).

അത്തിയെ നോക്കി ഒരു ഉപമ പഠിക്കാനാണ് യേശു പറഞ്ഞത്; "അതിന്റെ കൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ." (മത്താ, 24:32). യിസ്രായേൽ 1948-ൽ ഒരു രാഷ്ട്രമായി നിവർന്നുനിന്നപ്പോൾ യേശു പറഞ്ഞ അടയാളത്തിനും അക്ഷരംപ്ര തിനിവൃത്തിവന്നു. "അങ്ങനെ നിങ്ങൾ ഇതു ഒക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നേ ആയിരി ക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ." (മത്താ, 24:33). ഈ വാക്യത്തിൽ പറയുന്ന 'അവൻ' അന്തിക്രിസ്തുവാണെന്ന് പലരും പ്രസംഗിക്കുന്നുണ്ട്. അവൻ എന്നത് നാമമല്ല; സർവ്വനാമമാണ്. സർവ്വനാമത്തിന്റെ ഉടമയെ അറിയാൻ ഈ വാക്യത്തിന്റെ മുകളിൽ നോക്കണം. മനുഷ്യപുത്രൻ ആകാശമേഘങ്ങളിൽ വരുന്ന കാര്യം പറഞ്ഞശേഷമാണ് (മത്താ, 24:30-31) അത്തിയുടെ ഉപമയും 'അവൻ വാതിക്കൽ ആയിരിക്കുന്നു' എന്നും പറയുന്നത്. ലൂക്കൊസിൽ ഇതു 'ദൈവരാജ്യം' എന്നാണ് കാണുന്നത്. (ലൂക്കൊ, 21: 31). ഇംഗ്ലീഷ് ബൈബിളുകളിൽനിന്നും ഈ വേദഭാഗം ചേർക്കുന്നു. He is near, right at the door ( AMP foot note - the return of the Christ is immi-nent), the time is very near (BWE), the Human One is near (CEB), the time is near (CJB), the kingdom of God is near (GNV), it is near (KJV, NIV), He is near (NASB), the end is near (NIRV), the Son of Man is near (NLV), His return is very near (NLT), He is at hand (NTM), my return is near (TLB), the time for me to return is very close (T4T), the time for him to return is very close (UDB).

മഹോപീഡന ത്തിനുശേഷം യിസ്രായേലിന് രാജ്യം സ്ഥാപിച്ചു കൊടുക്കുന്നതാണ് ഇവിടുത്തെ വിഷയം. (പ്രവൃ, 1:6). തുടർന്നു "നോഹയുടെ കാലംപോലെ തന്നേ മനുഷ്യപുത്രന്റെ വരവും ആകും" (മത്താ,24:37) എന്നു പറഞ്ഞിട്ടാണ്, വിശ്വസ്തനും ബുദ്ധിമാനുമായ ദാസന്റെ ഉപമയും (മത്താ, 24:45-50), ബുദ്ധിയുള്ള കന്യകയുടെ ഉപമയും (മത്താ, 25:1-13), താലന്തിന്റെ ഉപമയും (മത്താ, 25:14-30), തദനന്തരം ജാതികളുടെ ന്യായവിധിയും പ്രസ്താവിച്ചശേഷമാണ് (മത്താ, 25:31-46) യേശു ഒലിവുമല വിട്ടുപോകുന്നത്.

"ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞു പോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (മത്താ, 24:34). 'തലമുറ' ഏതാണെന്നതിനെപ്പറ്റി രണ്ട് വ്യഖ്യാനം നിലവിലുണ്ട്. ഒന്ന്; തലമുറയെ 'ഗോത്രം' എന്നു മനസ്സിലാക്കണം എന്നാണ്. ഒരേ കൂട്ടത്തിൽ, ഒരേ വർഗ്ഗത്തിൽ, ഒരേ കുടുംബത്തിൽ ഉൾപ്പെട്ട ആളുകളെ ഇതു സൂചിപ്പിക്കുന്നു. അങ്ങനെയെങ്കിൽ ഇവയൊക്കെയും സംഭവിക്കുന്നതിന് സാക്ഷ്യം വഹിക്കുന്നതിനായി യഹൂദവർഗ്ഗം കാലത്തിന്റെ കുത്തൊഴുക്കിനെ അതിജീവിച്ച് നിലനില്ക്കുമെന്നാണ് യേശു അർത്ഥമാക്കുന്നത്. അവാച്യമായ ഉപദ്രവങ്ങളുടെ മധ്യേയും അവരുടെ നിരന്തരമായ ചെറുത്തുനില്പ് ചരിത്രത്തിൽനിന്ന് ഇക്കൂട്ടർ ചൂണ്ടിക്കാണിക്കുന്നു. രണ്ട്; അത്തി തളിർത്തത് കണ്ട തലമുറതന്നെ കർത്താവിന്റെ മഹത്വപ്രത്യക്ഷതയും കാണും എന്നാണ്. അഥവാ യിസ്രായേൽ രാഷ്ട്രത്തിന്റെ യഥാസ്ഥാപനം കണ്ട അതേ തലമുറ മഹാപീഡനവും, ഭൂമിയെ ഭരിക്കുന്നതിനായി ക്രിസ്തു ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും കാണും. ഇതിൽ ഒന്നാമത്തെ വ്യഖ്യാനത്തോടു വേദപുസ്തകം യോജി

ക്കുന്നില്ല. എബ്രായജനതയ്ക്ക് കനാൻദേശം ശാശ്വത അവകാശമായി നല്കുമെന്ന് അബ്രഹാമിനോടും (ഉല്പ, 17:8), യാക്കോബിനോടും (ഉല്പ, 48:4) ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട്. പാലും തേനുമൊഴുകുന്ന ഈ കനാൻദേശത്ത് പട്ടിണി മുഴുത്തപ്പോഴാണ് അബ്രഹാം മിസ്രയീമിലേക്കും, (ഉല്പ, 12:10), യിസ്ഹാക്ക് ഗെരാരിലേക്കും (ഉല്പ, 26:12) പോയതും, യാക്കോബും സന്തതികളും നാനൂറ്റി മുപ്പതുവർഷം മിസ്രയിമിൽ പ്രവാസികളായി പാർത്തതും. (ഉല്പ,46:5-6, പുറ, 12:40). യോശുവയുടെ നേതൃത്വത്തിൽ ബി.സി. 1400-ൽ കനാൻനാട്ടിൽ തിരികെ പ്രവേശിച്ചുവെങ്കിലും ബി.സി. 586-ൽ ബാബേൽരാജാവിനാൽ സ്വന്തരാജ്യത്തുനിന്ന് നിഷ്കാസനം ചെയ്യപ്പെടുകയും തുടർന്ന് ലോകംമുഴുവൻ ചിതറിക്കപ്പെടുകയും ചെയ്തു. ഇതിൽനിന്ന് ദൈവം വാഗ്ദത്തം ചെയ്ത ശാശ്വതാവകാശം അവർ ഇതുവരെ പ്രാപിച്ചിട്ടില്ലെന്നു വ്യക്തം. യിസ്രായേലിനു ദൈവം സ്ഥാപിച്ചുകൊടുക്കുന്ന രാജ്യാനുഗ്രഹത്തെപ്പറ്റിയും പഴയനിയമത്തിൽ പ്രവചനമുള്ളതാണ്. (യെശ, 11:1-12, 14:1-2, 60:12, 61:5). ഇതിൽനിന്ന് യെഹൂദന്റെ ശാശ്വതാവകാശം സഹസ്രാബ്ദരാജ്യവും തദനന്തരമുള്ള പുതുവാനഭൂമിയുമാണെന്ന് സ്പഷ്ടം. (മത്താ, 25: 34, വെളി, 21:1, യെശ, 65:17, 66:22). അതിനാൽ യിസ്രായേൽ ജാതിയുടെ അതിജീവനം സംഭവിക്കുക തന്നെവേണം. എന്നാൽ ഇവിടെ യെഹൂദന്മാരുടെ യഥാസ്ഥാപനത്തിൽ വിശ്വസിക്കുന്ന ശിഷ്യന്മാരോടാണ് അവർ ചോദിച്ച അടയാളം യേശു പറയുന്നത്. അത് ആ ജാതികളിലെ ഏതെങ്കിലും തലമുറയിൽ നടന്നാൽ പോര; അതവർക്കറിവുള്ളതാണ്. തന്മൂലം യേശു പറയുന്ന തലമുറ ഒരു പുരുഷായുസ്സാണെന്ന് വ്യക്തം. ആ തലമുറ ഏതാണെന്നാണ് നാം കണ്ടെത്തേണ്ടത്.

ഇനി ബൈബിളിൽ ഈ പദത്തിന്റെ ഉപയോഗം നോക്കാം. തലമുറയെ കുറിക്കുന്ന 'ജനിയ' (genea) എന്ന പദം 42 പ്രാവശ്യമുണ്ട്. അതിനെ KJV-യിൽ 'തലമുറകൾ' (generations) എന്നു ആറു പ്രാവശ്യവും, 'കാലങ്ങൾ' (times) എന്നു ഒരു പ്രാവശ്യവും, 'കാലം' (time) എന്നു ഒരു പ്രാവശ്യവും, 'കാലങ്ങൾ' (ages) 'തലമുറതലമുറ' (ages) എന്നു ഓരോ പ്രാവശ്യവും, 'ലോകം' (nation) എന്നു ഒരു പ്രാവശ്യവും, 'തലമുറ' (generati-on) എന്നു മുപ്പത്തൊന്നു പ്രാവശ്യവുമുണ്ട്. ഇതിൽ രണ്ടു വേദഭാഗത്തു മാത്രമാണ് (മത്താ, 23:36, ലൂക്കൊ, 11:51) യിസ്രായേൽ ഗോത്രം മുഴുവനെയും ഈ പദം സൂചിപ്പിക്കുന്നത്. സമവീക്ഷണ സുവിശേഷങ്ങളിലെ പ്രസ്തുത വേദഭാഗം (മത്താ, 24:34, മർക്കൊ, 13:30, ലൂക്കൊ, 21:32) കഴിച്ചാൽ 27 പ്രാവശ്യം 'പുരുഷായുസ്സ്' അഥവാ ഒരു മനുഷ്യന്റെ ജനനം മുതൽ മരണംവരെയുള്ള കാലയളവ് എന്ന അർത്ഥത്തിലാണ് 'തലമുറ' എന്ന് പ്രയോഗിച്ചിരിക്കുന്നത് എന്നു കാണാം. അങ്ങനെ വരുമ്പോൾ യിസ്രായേൽ ഗോത്രം മുഴുവനുമല്ല; ഒരു പുരുഷായുസ്സ് മാത്രമാണ് ഈ വേദഭാത്തിലെ 'തലമുറ' എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. അർത്ഥാൽ 1948-ലെ യിസ്രായേലിന്റെ യഥാസ്ഥാപനം കണ്ട തലമുറ ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയ്ക്കും സാക്ഷ്യം വഹിക്കണം. ലൂക്കൊസിന്റെ സുവിശേഷത്തിൽ ഇതിനാധാരമായ ഒരു തെളിവു കൂടിയുണ്ട്. അവിടെ യെരുശലേമിന്റെ നാശത്തെക്കുറിച്ചും (21: 20-24), കർത്താവിന്റെ മഹത്വപ്രത്യക്ഷതയെക്കുറിച്ചും (21: 25-28), അത്തി തളിർക്കുന്നതിനെക്കുറിച്ചും (21:29-31) പറഞ്ഞശേഷമാണ്; "സകലവും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല" (ലൂക്കൊ, 21:32) എന്നു പറയുന്നത്. യേശു ശിഷ്യന്മാരോടു ഇതു

പറയുന്നത് എ.ഡി. 33-ലാണ്. മുപ്പത്തേഴു വർഷംകഴിഞ്ഞ് എ.ഡി. 70-ൽ യെരുശലേം ദൈവാലയവും നഗരവും നശിപ്പിക്കപ്പെട്ടു. യെരുശലേമിന്റെ നാശത്തിന് അടയാളമായി യേശു പറയുന്നത്; "സൈന്യങ്ങൾ യെരൂശലേമിനെ വളഞ്ഞിരിക്കുന്നതു കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ" (ലൂക്കോ, 21:20) എന്നാണ്. സൈന്യങ്ങൾ യെരുശലേമിനെ വാടകോരി അതിനെ വളഞ്ഞത് (ലൂക്കൊ, 19:43-44) എ. ഡി. 70 ഏപ്രിലിൽ ആണ്; അതായിരുന്നു അവർക്കുള്ള അടയാളം. ആഗസ്റ്റ് 27-ന് ദൈവാലയത്തിന്റെ വാതിലുകൾ തീ വെയ്ക്കപ്പെടുകയും, സെപ്റ്റംബർ 26 ആയപ്പോഴേക്കും നഗരം പൂർണ്ണമായി നശിപ്പിക്കപ്പെടുകയും ചെയ്തു. ഇവിടെ സൈന്യങ്ങൾ യെരുശലേം വളഞ്ഞതു മുതൽ നഗരം നശിപ്പിക്കപ്പെടുന്നതുവരെ ജീവൻ രക്ഷിക്കാൻ അഞ്ചു മാസത്തെ സാവകാശം അവർക്കുണ്ടായിരുന്നു. "അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്കു ഓടിപ്പോകട്ടെ; അതിന്റെ നടുവിലുള്ളവർ പുറപ്പെട്ടുപോകട്ടെ; നാട്ടുപുറങ്ങളിലുള്ളവർ അതിൽ കടക്കരുതു. എഴുതിയിരിക്കുന്നതെല്ലാം നിവൃത്തിയാകേണ്ടതിന്നു ആ നാളുകൾ പ്രതികാരകാലം ആകുന്നു." (ലൂക്കോ, 21:21-22). ഇതിൽനിന്ന് ഒരുകാര്യം വ്യക്തമാണ്. യേശുവിന്റെ പ്രവചനം കേട്ട തലമുറ അടയാളം കാണുകയും യെരുശലേമിന്റെ നാശം കാണുകയും ചെയ്തു. എന്നാൽ ആ തലമുറയ്ക്ക് അത്തി തളിർക്കുന്നതുവരെ അഥവാ 1948-ലെ യിസ്രായേലിന്റെ യഥാസ്ഥാപനം വരെ ജീവിക്കാൻ കഴിഞ്ഞില്ല. ഇനിയുള്ള കാര്യങ്ങൾ മനസ്സിലാക്കണമെങ്കിൽ വേദപുസ്തകത്തിലെ പ്രവചനങ്ങളുടെ സ്വഭാവം അറിയണം.

ബൈബിൾ പഠിക്കുമ്പോൾ പല വിധത്തിലുള്ള പ്രവ

ചനങ്ങൾ കാണാം: ഒന്ന്; ആസന്നഭാവിയിൽത്തന്നെ നിറവേറുന്നത്: 1) യിസ്ഹാക്കെന്ന സന്തതിയെ ദൈവം വാഗ്ദത്തം ചെയ്യുമ്പോൾ അബ്രഹാമിന് 75 വയസ്സായിരുന്നു. (ഉല്പ, 12:4, 7). <××> ഇരുപത്തഞ്ച് വർഷം കഴിഞ്ഞ് അബ്രാഹാമിന്റെ നൂറാം വയസ്സിൽ വാഗ്ദത്തം നിവൃത്തിയായി. (ഉല്പ, 7:1, 18:10, 21:1-3). 2) ബാബേൽ രാജാവായ ബേൽശസ്സറിനെക്കുറിച്ചുള്ള പ്രവചനം. (ദാനി, 5:25-28). <××> ആ രാത്രിതന്നെ അതിനു നിവൃത്തി വന്നു. (ദാനി, 5:30-31). 3) 'മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ടു' എന്ന യേശുവിന്റെ പ്രവചനം. (മത്താ, 16:28). <××> ആറുദിവസം കഴിഞ്ഞ് മറുരൂപമലയിൽ നിവൃത്തിയായി. (മത്താ, 17:1-2, 2പത്രൊ, 1:16). 4) കയ്യഫാവിന്റെ പ്രവചനം; "ജനം മുഴുവനും നശിച്ചുപോകാതെ വണ്ണം ഒരു മനുഷ്യൻ ജാതിക്കു വേണ്ടി മരിക്കുന്നതു നന്നു എന്നു ഓർക്കുന്നതുമില്ല" (യോഹ, 11:49-51). <××> ചില ദിവസങ്ങൾക്കുള്ളിൽ തന്നെ ഇതിനു നിവൃത്തിവന്നു. (മത്താ, 27: 50). 5) പത്രൊസ് തന്നെ തള്ളിപ്പറയുമെന്ന യേശുവിന്റെ പ്രവചനം. (മത്താ, 26:34). <××> ആ രാത്രിതന്നെ കോഴി കൂകുംമുമ്പേ അതു നിവൃത്തിയായി. (മത്താ, 26:75). 6) 'ഞാൻ വരുവോളം യോഹന്നാൻ ഇരിക്കേണം' എന്ന യേശുവിന്റെ പ്രവചനം. (യോഹ, 21:23). <××> അമ്പത്തേഴു വർഷംകഴിഞ്ഞ് പത്മോസിൽവെച്ചു നിവർത്തിയായി. (വെളി, 1:12-20). 7) 'ലോകത്തിൽ ഒക്കെയും മഹാക്ഷാമം ഉണ്ടാകും' എന്ന അഗബൊസിന്റെ പ്രവചനം. (പ്രവൃ, 11: 28). <××> റോമൻ ചക്രവർത്തി ക്ലൌദ്യൊസിന്റെ (എ. ഡി. 41-54) കാലത്ത് അതു നിവത്തിയായി. (പ്രവൃ, 11: 28). 8) എലീമാസിനോടുള്ള പൌലൊസിന്റെ പ്രവചനം;

"നീ ഒരു സമയത്തേക്കു സൂര്യനെ കാണാതെ കുരുടനായിരിക്കും.' (പ്രവൃ, 13:11). <xx> 'ഉടനെ ഒരു തിമിരവും ഇരുട്ടും അവന്റെ മേൽ വീണു; കൈപിടിച്ചു നടത്തുന്നവരെ തിരഞ്ഞുകൊണ്ടു അവൻ തപ്പിനടന്നു.' (പ്രവൃ, 13: 11). 9) 'പൌലോസിനെ യെരുശലേമിൽ ബന്ധിച്ചു ജാതികളുടെ കയ്യിൽ ഏല്പിക്കും' എന്നു അഗബൊസ് പ്രവചിക്കുന്നു. (പ്രവൃ, 21:11). <xx> ചില ദിവസങ്ങൾക്കു ശേഷം അതു നിവൃത്തിയായി. (പ്രവൃ, 21:27-33). തുടങ്ങിയവ ഉദാഹരണങ്ങളാണ്.

രണ്ട്; വിദൂരഭാവിയിൽ നിറവേറുന്നത്: 1) 'സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും.' (ഉല്പ, 3:15). <xx> ആറായിരം വർഷങ്ങൾക്ക് ശേഷമാണ് അത് നിവർത്തിക്കുന്നത്. (കൊലൊ, 2:15). 2) 'നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചുതരും.' (ആവ, 18: 15). <xx> മോശെയുടെ ഈ പ്രവചനം ആയിരത്തിഅഞ്ഞൂറു വർങ്ങൾക്കുശേഷം ക്രിസ്തുവിലാണ് നിറവേറിയത്. (പ്ര വൃ, 3:22, 7:37). 3) യെരീഹോപട്ടണത്തെ പണിയുവാൻ തുനി യുന്നവന്റെ ശിക്ഷ. (യോശു, 6:26). <xx> ആയിരത്തി നാനൂറുകളിലെ യോശുവയുടെ ഈ പ്രവചനം ആഹാബിന്റെ (ബി. സി. 874-852) കാലത്ത് ബേഥേല്യനായ ഹീയേൽ യെരീഹോ പണിതു; അടിസ്ഥാനം ഇട്ടപ്പോൾ അവനു അബീറാം എന്ന മൂത്തമകനും അതിന്റെ പടിവാതിൽ വെച്ചപ്പോൾ ശെഗൂബു എന്ന ഇളയമകനും നഷ്ടംവന്നു. 1രാജ, 16:34). 4) സോർ (T-yre) പട്ടണത്തെക്കുറിച്ചുള്ള പ്രവചനം; 'ഞാൻ അനേകം ജാതികളെ നിന്റെ നേരെ പുറപ്പെട്ടുവരുമാറാക്കും.' (യെഹെ, 26: 3). <xx> ബി.സി. 587–586-കളിലാണ് ഈ പ്രവചനം 573-ൽ ബാബിലോ

ണും, 332-ൽ അലക്സാണ്ടറും, 1291-ൽ മുസ്ലീംങ്ങളും സോരിനെ ആക്രമിച്ചു. യെഹെ, 26:12-ലെ പ്രവചനം 332-ലെ അലക്സാണ്ടറുടെ ആക്രമണത്തോടെ നിവൃത്തിയായി. 5) ഏദോമിനെക്കുറിച്ചുള്ള പ്രവചനം: 'നീ കഴുകനെപ്പോലെ നിന്റെ കൂടു ഉയരത്തിൽ വെച്ചാലും അവിടെനിന്നു ഞാൻ നിന്നെ താഴെ ഇറങ്ങുമാറാക്കും..... അതിന്നരികത്തുകൂടി കടന്നുപോകുന്ന ഏവരും സ്തംഭിച്ചു അതിന്റെ സകലബാധകളും നിമിത്തം ചൂളകുത്തും. (യിരെ, 49:16-17). <××> ബി.സി. 626--586-കളിലെ ഊ പ്രവചനം ബി.സി. 100-ൽ നിവൃത്തിയായി. എ.ഡി. 700-ൽ മുസ്ലീംങ്ങളുടെ ആക്രമണത്തോടെ അതിന്റെ നാശം പൂർണ്ണമായി. ഏദോമിന്റെ തലസ്ഥാനനഗരമായ പെട്രാ ഇപ്പോൾ ജോർദ്ദാന്റെ ഭാഗമാണ്. 6) കോരസീൻ, ബേത്ത്സയിദ, കഫർന്നഹൂം ഈ പട്ടണങ്ങളെക്കുറിച്ചുള്ള യേശുവിന്റെ പ്രവചനം. (മത്താ, 11:21-23). <××> എ.ഡി. മൂന്നാം നൂ റ്റാണ്ടോടുകൂടി മൂന്നുപട്ടണങ്ങളും ആൾപ്പാർപ്പില്ലാതെ നാമവശേഷമായി. 7) 'യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിന്നു മുമ്പെ ഞാൻ നിങ്ങൾക്കു ഏലീയാപ്രവാചകനെ അയക്കും. (മലാ, 4:5). <××> നാന്നൂറു വർഷങ്ങൾക്കുശേഷം യോഹന്നാൻ സ്നാപകനിലൂടെ നിവൃത്തിയായി. (മത്താ, 11:13-14). 8) യേശുക്രിസ്തുവിനെക്കുറിച്ചുള്ള മറ്റനേകം പ്രവചനങ്ങൾ: *ബേത്ലേഹേമിൽ ആയിരിക്കും ജനനസ്ഥലം. (മീഖാ, 5:2). <××> മത്താ, 2:1). *കന്യകയിലൂടെയായിരിക്കും ജനനം. (യെശ, 7:14). <××> (മത്താ, 1: 18). *തനിക്കു മുമ്പായി വഴിയൊരുക്കാൻ ഒരാളുവരും. (യെശ, 40:3, മലാ, 3:1). <××> (മത്താ, 3:3). *സകലജഡവും ദൈവത്തിന്റെ രക്ഷയെ കാണും. (യെശ, 40:5). <××> (ലൂക്കോ, 3:5). *എളിയവരോടു സദ്വർത്തമാനം

ഘോഷിക്കുകയും യഹോവയുടെ പ്രസാദവർഷം അറിയിക്കുകയും ചെയ്യും. (യെശ, 61:1-2). <xx> (ലൂക്കൊ, 4:17-19). *ഉപമകളാൽ സംസാരിക്കും. (സങ്കീ, 78:2). <xx> (മത്താ, 13:35). *രോഗങ്ങളെയും വേദനകളെയും അവൻ വഹിക്കും. (യെശ, 53:4). <xx> (മത്താ, 8:16-17). *അവന്റെ നാമത്തിൽ ജാതികൾ പ്രത്യാശവെയ്ക്കും. (യെശ, 42:1-3). <xx> (മത്താ, 12:17-21). *അനേകരും കണ്ടിട്ടു കാണാതെയും കേട്ടിട്ടു കേൾക്കാതെയും ഹൃദയംകൊണ്ടു ഗ്രഹിക്കാതെയുമിരിക്കും. (യെശ, 6:9-10). <xx> (മത്താ, 13:13-15). *രാജാവ് കഴുതപ്പുറത്ത് കയറി വരും. (സെഖ, 9:9). <xx> (മത്താ, 21:4). *മുപ്പതു വെള്ളിക്കാശിന് സ്നേഹിതനാൽ ഒറ്റിക്കൊടുക്കപ്പെടും. (സെഖ, 11:12-13, സങ്കീ, 41:9). <xx> (മത്താ, 26:15, ലൂക്കോ, 22:48). *കൈകാലുകൾ തുളയ്ക്കപ്പെടും. (സങ്കീ, 22:16). <xx> (ലൂക്കോ, 23:33). *വസ്ത്രം പ കുത്തെടുക്കുന്നു അങ്കിക്കായി ചീട്ടിടുന്നു. (സങ്കീ, 22:18). <xx> (യോഹ, 19:23-24). *മരിച്ചാലും ജീവിക്കും. (സങ്കീ, 16:10). <xx> (മത്താ, 28:6). *മൽക്കീസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ ആയിരിക്കും. (സങ്കീ, 110:4). <xx> (എബ്രാ, 9:11-12). ഇതൊക്കെയും ബി.സി. 1000-നും 400-നും ഇടയ്ക്കുള്ള പ്രവചനങ്ങളാണ്; എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിറവേറി. കൂടാതെ യേശുവിന്റെ മദ്ധ്യാകാശവരവ് (യോഹ, 14:1-3), മഹാപീഡനം (മത്താ, 24: 21), മഹത്ത്വപ്രത്യക്ഷത (മത്താ,24:31-33). ആയിരമാണ്ടുവാഴ്ച (വെളി, 20:6), പുതിയാകാശം പുതിയഭൂമി (2പത്രൊ, 3:13) തുടങ്ങിയവ നിവൃത്തിയാകൻ ഇരിക്കുന്നതേയുള്ളൂ.

മൂന്ന്; നിഴലും പൊരുളുമായ പ്രവചനങ്ങൾ: 1) ശലോമോനെക്കുറിച്ചുള്ള ദൈവത്തിന്റെ പ്രവചനം; "അവൻ

എന്റെ നാമത്തിന്നു ഒരു ആലയം പണിയും; അവൻ എനിക്കു മകനായും ഞാൻ അവനു അപ്പനായും ഇരിക്കും; യിസ്രായേലിൽ അവന്റെ രാജാസനം ഞാൻ എന്നേക്കും നിലനില്ക്കുമാറാക്കും." (1ദിന, 22:10, 2ശമു, 7:13-16). <××> ഇത് ശലോമോനിൽ ഭാഗികമായി നിവർത്തിച്ചുവെങ്കിലും, പരിപൂർണ്ണനിവൃത്തി ആയിരം വർഷങ്ങൾക്കുശേഷം പൊരുളായ ക്രിസ്തുവിലാണ് നിവൃത്തിയായത്. (1കൊരി, 3:16, 6:19, എബ്രാ, 1:5, ലൂക്കോ, 1:33). 2) ആഹാസ് രാജാവിനോടുള്ള യെശയ്യാവിന്റെ ഇമ്മാനുവലിനെക്കുറിച്ചുള്ള പ്രവചനം; "അതുകൊണ്ടു കർത്താവു തന്നേ നിങ്ങൾക്കു ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവനു ഇമ്മാനൂവേൽ എന്നു പേർ വിളിക്കും......തിന്മ തള്ളി നന്മ തിരെഞ്ഞെടുപ്പാൻ ബാലന്നു പ്രായമാകുംമുമ്പെ, നീ വെറുക്കുന്ന രണ്ടു രാജാക്കന്മാരുടെയും ദേശം ഉപേക്ഷിക്കപ്പെട്ടിരിക്കും." (യെശ, 7: 14-16). <××> ബിസി. 735-ലാണ് ഈ പ്രവചനം. ആരാമിന്റെയും യിസ്രായേലിന്റെയും സൈന്യം യെഹൂദയ്ക്കെതിരെ യുദ്ധത്തിനായി പുറപ്പെട്ടുവന്നപ്പോൾ അശ്ശൂർ രാജാവിനോട് സഹായം അപേക്ഷിക്കരുതെന്നും കർത്താവിലാശ്രയിച്ച് ഉറപ്പോടിരിക്കുവാനും ആഹാസിനോട് പറഞ്ഞുകൊണ്ടാണ് വിശ്വാസത്തിനായി ഈ അടയാളം നൽകുന്നത്. എന്നാൽ ആഹാസ് രാജാവ് അടയാളം ഉപേക്ഷിച്ചുകൊണ്ട് അശ്ശൂർ രാജാവിനെ ആശ്രയിച്ചു. അതോടുകൂടി ആഹാസിനെ സംബന്ധിച്ചിടത്തോളം ഇമ്മാനുവേലിനെക്കുറിച്ചുള്ള പ്രവചനം അപ്രസക്തമായി. എന്നാൽ യെഹൂദാശേഷിപ്പിനെ സംബന്ധിച്ചിട ത്തോളം ക്രിസ്തു എന്ന ഇമ്മാനുവേലിലൂടെയാണ് രക്ഷയും വിടുതലും കണ്ടെത്തിയത്. (മത്താ, 1:22-23). 3) ബാബേൽ പ്രവാസം എഴുപത് വർഷ

മായിരിക്കുമെന്നുള്ള യിരെമ്യാവിന്റെ പ്രവചനം; "ഈ ദേ
ശമൊക്കെയും ശൂന്യവും സ്തംഭനഹേതുവും ആകും;
ഈ ജാതികൾ ബാബേൽരാജാവിനെ എഴുപതു സംവ
ത്സരം സേവിക്കും എന്നു യഹോവയുടെ അരുളപ്പാടു."
(യിരെ, 25:11, 29:10). <××> എന്നാൽ എഴുപത് വർഷം
കഴിഞ്ഞപ്പോൾ ബേൽശസ്സറുന്റെ കാലത്ത് മേദ്യയനായ
ദാര്യാവേശും പാർസിരാജാവായ കോരെശും ചേർന്ന്
ബാബിലോൺ കീഴടക്കിയപ്പോൾ ഈ പ്രവചനത്തിന് നി
വൃത്തിയായി. (യിരെ, 25:12 ദാനി, 5:30-31, എസ്രാ, 1:1,
യെശ, 45:1-4). അല്ലെങ്കിൽ യെരുശലേം ദൈവാലയം
നെബുക്കദ്നേസർ അഗ്നിക്കിരയാക്കിയതു മുതൽ പു
നർനിർമ്മാണം വരെയുള്ള കാലയളവായ ബി.സി. 587-
മുതൽ (2രാജാ, 25:8-9) ബി. സി. 517-വരെയുള്ള എ
ഴുപത് വർഷം കൊണ്ട് നിവൃത്തിയായി. (എസ്രാ, 1:1-13,
5:14). <××> പക്ഷെ ദാനിയേലിന്റെ വ്യാഖ്യാനമനുസരിച്ച്
ഇപ്പോഴും അറുപത്തൊൻപത് സംവംത്സരം കഴിഞ്ഞിട്ടേ
യുള്ളൂ; എഴുപതാം സംവത്സരം ഇതുവരെ ആരംഭിച്ചിട്ടി
ല്ല. ബാബേൽ, മേദ്യപേർഷ്യ, ഗ്രീസ്, റോം തുടങ്ങിയ നാ
ലു ലോക സാമ്രാജ്യങ്ങളുടെ ഭരണം കഴിഞ്ഞു. നാലാം
സാമ്രാജ്യത്തിന്റെ ആരംഭകാലത്ത് അഭിഷിക്തൻ ഛേദി
ക്കപ്പെട്ടതോടുകൂടി അറുപത്തൊൻപത് സംവത്സരം പൂ
ർത്തിയായി. (ദാനി, 9: 26). ഇനി പത്തു രാജാക്കന്മാർ
എഴുന്നേല്ക്കുകയും അവരുടെശേഷം എതിർക്രിസ്തു
എഴുന്നേല്ക്കുകയും വേണം. (ദാനി, 7:24-25). അതിന്റെ
ശേഷം കൈതൊടാതെ പറിഞ്ഞുവരുന്ന കല്ലായ ക്രിസ്
തുവിലൂടെ എതിർക്രിസ്തുവിന്റെ ഭരണം അവസാനി
ക്കുന്നതോടെയാണ് എഴുപതാം സംവംത്സരം പൂർത്തി
യാകുന്നത്. (ദാനി, 2:34, 2:45, 8:25). 4) "അതിന്റെ ശേ
ഷമോ, ഞാൻ സകലജഡത്തിന്മേലും എന്റെ ആത്മാവി

നെ പകരും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൌവനക്കാർ ദർശനങ്ങളെ ദർശിക്കും." (യോവേ, 2:28-32). <××> യോവേലിന്റെ ഈ പ്രവചനത്തിന്റെ ഒരു ഭാഗികനിവൃത്തിയാണ് പെന്തെക്കൊസ്തിൽ സംഭവിച്ചത്. (2:17). എന്നാൽ പരിപൂർണ്ണമായ നിവൃത്തി സഹസ്രാബ്ദവാഴ്ചയിൽ സംഭവിക്കും. (യോവേ, 2:32). 5) സാത്താനെക്കുറിച്ചുള്ള പ്രവചനം: ഇത് നിഴലായിട്ട് ബാബേൽ രാജാവിനോടും (യെശ, 14:12-15), സോർ രാജാവിനെക്കുറിച്ചുമാണ് പറയുന്നത്. (യെഹെ, 28: 12-19). <××> എന്നാലത് പൊരുളായിട്ട് അവരിൽ കുടികൊള്ളുന്ന സാത്താനിലാണ് നിവൃത്തിയാകുന്നത്. (വെളി, 20: 2-3, 10). 6) അന്ത്യോക്യസ് എപ്പിഫാനസ് (ബി.സി. 165-174) എതിർക്രിസ്തുവിന് നിഴലാണ്: *രണ്ടുപേരെയും സഹായിക്കാൻ ഒരു മതനേതാവുണ്ട്; അന്ത്യോക്കസിനെ സഹായിക്കാൻ മെനിലാസും (2മക്ക, 4:24), <××> എതിർക്രിസ്തുവിന് കള്ളപ്രവാചകനും (വെളി, 13: 11-12). *രണ്ടുപേരും ഒരു വിഭാഗം യെഹൂദരാൽ എതിർക്കപ്പെടും: അന്ത്യോക്യസ് മക്കാബ്യരാലും (1മക്ക, 2,3,4 അ). <××> എതിർക്രിസ്തു 144,000 പേരാലും. (വെളി, 7: 14). *രണ്ടുപേരും മരിച്ചു എന്നു കിംവദന്തി ഉണ്ടാകുമെങ്കിലും ജീവിച്ചിരിക്കുന്നവരാണ്. (2മക്ക, 5:5). <××> (വെളി, 13:3,14). *രണ്ടുപേരും വളരെ ശക്തിയുള്ളവരായിരിക്കും. (ദാനി, 8:9). <××> (വെളി, 13:4). *രണ്ടുപേരും തന്നെത്താൻ ഉയർത്തുന്നവരാണ്. (ദാനി, 8:11, 25). <××> (2തെസ്സ, 2:4). *രണ്ടുപേരും വ്യജനേതാക്കന്മാരാണ്. (ദാനി, 7:25, 8: 25). <××> (2തെസ്സ, 2:9). *രണ്ടുപേരും യെഹൂദന്മാരെ പീഡിപ്പിക്കും. (ദാനി, 8:25). <××> (വെളി, 12:13). *രണ്ടുപേരും പിശാചിനാൽ ഉദ്ദീപിക്കപ്പെടുന്നു.

(ദാനി, 8:24). <xx> (വെളി, 13: 2). *രണ്ടുപേരും ദൈവാലയം അശുദ്ധമാക്കുന്നു. (ദാനി, 8: 11, 11:31, 1മക്ക, 1:47,54). <xx> (ദാനി, 12:11, മത്താ, 24: 15). *രണ്ടുപേരുടെയും പ്രവർത്തനകാലം ഏഴു വർഷമായിരിക്കും. (ദാനി, 8:14). <xx> (ദാനി, 9:27). *രണ്ടുപേരും ദൈവത്തിനു വിരോധമായി വമ്പും ദൂഷണവും സംസാരിക്കുന്നു. (ദാനി, 7:25). <xx> (വെളി, 13:5-6). *രണ്ടുപേരും ഒടുവിൽ ദൈവത്താൽ നശിപ്പിക്കപ്പെടുന്നു. (ദാനി, 8:25). <xx> (വെളി, 19:19-21). *രണ്ടുപേരുടെയും പീഡനങ്ങളിൽനിന്ന് രണ്ടു വിമോചകരാൽ യെഹൂദജനത മോചിപ്പിക്കപ്പെടുന്നു. അന്ത്യോക്യസിന്റെ കയ്യിൽനിന്ന് യൂദാസ് മക്കബേയൂസും (1മക്ക, 3:1-4:56). <xx> എതിർക്രിസ്തുവിന്റെ കയ്യിൽനിന്ന് യേശുക്രിസ്തുവും വിടുവിക്കുന്നു. (റോമ, 11:26, വെളി, 19:19-21).

നാല്; രണ്ടു ഭാഗങ്ങളായി നിവർത്തിക്കപ്പെടുന്നത്: 1) "യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും" (യെശ, 61:2). <xx> ഇതിന്റെ ആദ്യഭാഗം നിവൃത്തിയായി; യഹോവയുടെ പ്രസാദവർഷം എ.ഡി. മുപ്പതുമുതൽ പ്രസംഗിക്കപ്പെടുന്നതാണ്. (ലൂക്കോ, 4:18-19). ഇപ്പോൾ ഏകദേശം രണ്ടായിരം വർഷമാകുന്നു. സഭയുടെ ഉൽപ്രാപണത്തിനുശേഷമേ പ്രതികാരദിവസം അഥവാ മഹാപീഡനം ആരംഭിക്കുകയുള്ളൂ. (മത്താ, 24:21). 2) "അവൻ തന്നേ യഹോവയുടെ മന്ദിരം പണിയും; അവൻ ബഹുമാനഭൂഷണം ധരിച്ചു സിംഹാസനത്തിൽ ഇരുന്നു വാഴും;" (സെഖ, 6:13). <xx> ഇതിന്റെയും ആദ്യഭാഗം നിവൃത്തിയായി; യഹോവയുടെ മന്ദിരത്തിന്റെ പണി എ.ഡി. 33 മെയ് 24-ന് ആരംഭിച്ചു. (പ്രവൃ, 2:1-3, 1കൊരി, 3:16, 6:19). ഇനി കർത്താവിന്റെ മദ്ധ്യാകാശവരവുക

ഴിഞ്ഞ് ഏഴു വർഷങ്ങൾക്കുശേഷമാണ് കർത്താവ് ബഹുമാനഭൂഷണം ധരിച്ച് സിംഹാസനത്തിൽ ഇരുന്നുവാഴുന്നത്. (സങ്കീ, 2:6). 3) "യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിന്നു മുമ്പെ ഞാൻ നിങ്ങൾക്കു ഏലീയാപ്രവാചകനെ അയക്കും." (മലാ, 4:5). <xx> ഇതിന്റെ രണ്ടാംഭാഗം വിവൃത്തിയായി; വരുവാനുള്ള ഏലീയാവ് യോഹന്നാൻ സ്നാപകനാണ്. (മത്താ, 11:13-14). ഏലീയാവു വന്നു സകലവും യഥാസ്ഥാനത്താക്കിയിട്ട് ഇപ്പോൾ ഏകദേശം രണ്ടായിരം വർഷമായി. (മത്താ, 17: 11-12). യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ മഹാപീഡനമാണ്. ഇന്നു കർത്താവു വന്നു സഭ എടുക്കപ്പെട്ടാൽ മഹാപീഡനം ആരംഭിക്കുകയായി. 4) "അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു കൊടുക്കും." (ലൂക്കോ, 1:32). <xx> ഇതിന്റെ ആദ്യഭാഗം നിവൃത്തിയായി; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെട്ടിട്ട് ഏകദേശം രണ്ടായിരം വർഷമായി. (മർക്കൊ, 5:7, ലുക്കോ, 8: 28). അടുത്തഭാഗം ഇന്നു കർത്താവ് വന്നാൽ ഏഴുവർഷം കഴിഞ്ഞ് നിവൃത്തിയാകും. (വെളി, 19:6, 16). 5) "അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും സ്നാനം കഴിപ്പിക്കും." (ലൂക്കോ, 3:16). <xx> ഇതിന്റെ ആദ്യഭാഗമായ പരിശുദ്ധാത്മസ്നാനം മൂന്നര വർഷം കഴിഞ്ഞപ്പോൾത്തന്നെ നിവൃത്തിയായി. (പ്രവൃ, 2:1-3). ഇപ്പോൾ ഏകദേശം രണ്ടായിരം വർഷം കഴിഞ്ഞു. അടുത്തഭാഗം ഇന്നു കർത്താവ് വന്നാൽ ആയിരത്തിയേഴു വർഷംകഴിഞ്ഞ് നിവൃത്തിയാകും. (വെളി, 20:11-15). 6) "ഓരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്നുള്ളവർ അവന്റെ വരവി

ങ്കൽ; പിന്നെ അവസാനം." (1കൊരി, 15:23). <xx> ഇതിന്റെയും ആദ്യഭാഗം ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പ് എ.ഡി. 33 ഏപ്രിൽ 5 ഞായറാഴ്ച അതിരാവിലെ നിവൃത്തിയായി. (മത്താ, 28:6). അടുത്തഭാഗം കർത്താവ് ഇപ്പോൾ വന്നാൽ ഇപ്പോൾത്തന്നെ വിവൃത്തിയാകും. (1തെസ്സ, 4: 16). 7) "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ" (എബ്രാ, 9:27). <xx> ഇതിന്റെ ആദ്യഭാഗം എണ്ണായിരം വർഷങ്ങളായിട്ട് നിവൃത്തിച്ചുകൊണ്ടിരിക്കയാണ്. (ഉല്പ, 5:5). <xx> അടുത്തഭാഗം; കർത്താവിന്നു വന്നാൽ ഉടനെ വിശുദ്ധന്മാരുടെ ന്യായവിധി നടക്കും. (2കൊരി, 5:10). ദുഷ്ടന്മാരുടെ ന്യായവിധി പിന്നെയും ആയിരത്തേഴു വർങ്ങൾക്കുശേഷം നടക്കും. (വെളി, 20:11-12). 8) "ക്രിസ്തുവും വളരെപ്പേരുടെ പാപങ്ങൾ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ഒരു പ്രാവശ്യം അർപ്പിക്കപ്പെട്ടു. അവൻ വീണ്ടും വരും പാപപരിഹാരാർത്ഥമല്ല, തന്നെ ആകാംക്ഷാപൂർവം കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കുവേണ്ടി." (എബ്രാ, 9:28). <xx> ഇതിന്റെ ആദ്യഭാഗം ഏകദേശം രണ്ടായിരം വർഷങ്ങൾക്കുമുമ്പ് എ.ഡി. 33 ഏപ്രിൽ 3 വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് മൂന്നുമണിക്ക് നിവൃത്തിയായി. (മത്താ, 27:50). അടുത്തഭാഗം ഏതു നിമിഷവും നിവൃത്തിയാകും. (വെളി, 22:20). 9) "അവരിലുള്ള ക്രിസ്തുവിൻ ആത്മാവു ക്രിസ്തുവിനു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുമ്പിൽകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങിനെയുള്ളതോ എന്നു പ്രവാചകന്മാർ ആരാഞ്ഞുനോക്കി," (1പത്രൊസ്. 1: 11). <xx> ഇതിന്റെ ആദ്യഭാഗമായ ക്രിസ്തുവിന്റെ വരേണ്ടിയ കഷ്ടങ്ങൾ നിവൃത്തിച്ചിട്ട് ഏദദേശം രണ്ടായിരം വർഷമായി. (പ്രവൃ, 1:2). അടുത്തഭാഗമായ പിൻവരുന്ന

മഹിമ; ഇന്നു കർത്താവ് വന്നാൽ ഏഴു വർഷംകഴിഞ്ഞ് നിവൃത്തിയാകും. (വെളി, 19:6, 16). 10) "കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും." (പത്രൊ,2 3:10). <××> ഇതിന്റെ രണ്ടുഭാഗങ്ങളും നിവൃത്തിയായിട്ടില്ല. കർത്താവ് ഇന്നുവന്നാൽ ആദ്യഭാഗവും; ആയിരത്തേഴ് വർഷം കഴിഞ്ഞ് അടുത്തഭാഗവും നിവൃത്തിയാകും. (വെളി, 21: 1-2).

നാം ചിന്തിച്ചുകൊണ്ടിരുന്ന പ്രവചനങ്ങളുടെ ഒരു സ്വഭാവം വെച്ചു നോക്കുമ്പോൾ നാലാമത്തെ ഗണത്തിൽ അഥവാ രണ്ടു ഭാഗങ്ങളായി നിറവേറുന്ന പ്രവചനങ്ങളുടെ കൂട്ടത്തിലാണ് നമ്മുടെ വേദഭാഗം ഉൾപ്പെടുന്നത്. യെരുശലേമിന്റെ നാശവും യിസ്രായേലിന്റെ യഥാസ്ഥാപനവും പറഞ്ഞിട്ടാണ് ഇതൊക്കെയും കാണുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്നു പറഞ്ഞിരിക്കുന്നത്. യിസ്രായേൽ എന്ന അത്തിവൃക്ഷത്തിന്റെ കൊമ്പിളതായി ഇല തളിർത്തുകഴിഞ്ഞു. അങ്ങനെയെങ്കിൽ വേനൽ വിദൂരത്തല്ലെന്ന് ദൈവമക്കൾ അറിയേണ്ടിയിരിക്കുന്നു. "അത്തിയെ നോക്കി ഒരു പാഠം ഇപ്പോൾ പഠിപ്പിൻ" (Now learn a lesson from the fig tree) എന്നാണ് BSB, BWE, ISV, OEB, Twenty തുടങ്ങിയ ഇംഗ്ലീഷ് ഭാഷാന്തരങ്ങളിൽ കാണുന്നത്. (മത്താ, 24:32). "അങ്ങനെ നിങ്ങൾ ഇതു ഒക്കെയും കാണുമ്പോൾ അവൻ (യേശു) അടുക്കെ വാതിൽക്കൽ തന്നേ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ. ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ആകാശവും ഭൂമിയും ഒ

ഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല." (മത്താ,24:34-35). അർത്ഥാൽ യിസ്രായേൽ രാഷ്ട്രത്തിന്റെ യഥാസ്ഥാപനം കണ്ട തലമുറതന്നെ കർത്താവിന്റെ പുനരാഗമനവും കാണും. അങ്ങനെ നോക്കിയാൽ കർത്താവിന്റെ വരവ് ഏറ്റവും അടുത്തു എന്നു മനസ്സിലാകും. അത്തി തളിർത്തിട്ട് 1948-മുതൽ ഇന്നേക്ക് 70 വർഷം കഴിഞ്ഞു. ഒരു തലമുറ എത്രവരെ പോകുമെന്ന് നമുക്കറിയാം. "ഞങ്ങളുടെ ആയുഷ്കാലം എഴുപതു സംവത്സരം; ഏറെ ആയാൽ എൺപതു സംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ; അതു വേഗം തീരുകയും ഞങ്ങൾ പറന്നു പോകയും ചെയ്യുന്നു." (സങ്കീ 90:10). ഇപ്പോഴത്തെ മനുഷ്യായുസ്സ് ലോകശരാശരി 71 വയസ്സാണ്. ജപ്പാനിൽ മാത്രം അവരുടെ പ്രത്യേക ജീവിതനിഷ്ഠമൂലം 83 വയസ്സാണ് ശരാശരി. അപ്പോഴും ലോകശരാശരിയിൽ മാറ്റമൊന്നുല്ല. ഒരു മനുഷ്യൻ പരമാവധി എത്രവരെ പോകുമെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. നോഹെയുടെ കാലത്ത് ദൈവം പറഞ്ഞ 'നൂറ്റിയിരുപത് സംവത്സരം' (ഉല്പ, 6:3) ആണ് ഒരു പുരുഷായുസ്സ് എന്നു കണക്കാക്കിയാലും അൻപത് വർഷമാണ് ശേഷിക്കുന്നത്. അതുകൊണ്ട് നാല്പതോ അൻപതോ വർഷം കഴിഞ്ഞേ കർത്താവ് വരുകയുള്ളൂ എന്നാണോ? www.worldwarnings.com എന്ന വെബ്സൈറ്റിൽ എ.ഡി. 2450-നും 2700-നും ഇടയ്ക്കാണ് കർത്താവിന്റെ പുനരാഗമനമെന്ന് 'തോമസ് നെൽസൺ' എന്നയാൾ എഴുതിയിട്ടുണ്ട്. അതൊക്കെ വഞ്ചനയുടെ ആത്മാവിൽ എഴുതുന്നതാണ്. കർത്താന്റെ പുനരാഗമനത്തിന് ഒരു സെക്കന്റ് അവധിപോലും വെയ്ക്കുവാനോ തീയതി നിശ്ചയിക്കുവാനോ ഭൂമിയിൽ ഒരു മനുഷ്യനെക്കൊണ്ടും സാധ്യമല്ല. ബൈബിൾ ഇതിനെയൊന്നും

അനുകൂലിക്കുന്നുമില്ല. ക്രിസ്തുവിന്റെ വരവിനെക്കുറിച്ച് വേദപുസ്തകം പറയുന്നത് ശ്രദ്ധിക്കുക; നിരൂപിക്കാത്ത നാളിലും അറിയാത്ത നാഴികയിലും (മത്താ, 24:50), ഉണർന്നിരിപ്പിൻ (മർക്കൊ, 13:36), നിനയാത്ത നാഴികയിൽ (ലൂക്കൊ, 12:40), കണ്ണിമയ്ക്കുന്നതിനിടയിൽ (1കൊരി, 15:52), നൊടിനേരത്തിനുള്ളിൽ (2കൊരി, 4: 17), വരുവാനുള്ളവൻ വരും താമസിക്കയില്ല (എബ്രാ, 10:37), കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു (യാക്കോ, 5:8), വേഗത്തിൽ (വെളി, 1:1), കള്ളനെപ്പോലെ (വെളി, 3:3), ഇതാ, ഞാൻ വേഗം വരുന്നു (വെളി, 22: 12) എന്നിങ്ങനെയാണ്. തൊട്ടടുത്ത നിമിഷത്തിൽത്തന്നെ നമ്മുടെ കർത്താവ് വരുമെന്ന് വിശ്വസിച്ച് ഉണർന്നും ജാഗരിച്ചും ഇരിക്കുന്നവർ ഭാഗ്യവാന്മാരാണ്. "എന്നാൽ ദാസൻ: യജമാനൻ താമസിച്ചേ വരികയുള്ളു എന്നു ഹൃദയത്തിൽ പറഞ്ഞു ബാല്യക്കാരെയും ബാല്യക്കാരത്തികളെയും തല്ലുവാനും തിന്നു കുടിച്ചു മദിപ്പാനും തുടങ്ങിയാൽ, അവൻ നോക്കിയിരിക്കാത്ത നാളിലും അറിയാത്ത നാഴികയിലും ആ ദാസന്റെ യജമാനൻ വന്നു അവനെ ദണ്ഡിപ്പിക്കയും അവന്നു അവിശ്വാസികളോടുകൂടെ പങ്കു കല്പിക്കയും ചെയ്യും. യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ടു ഒരുങ്ങാതെയും അവന്റെ ഇ ഷ്ടം ചെയ്യാതെയുമിരിക്കുന്ന ദാസന്നു വളരെ അടികൊള്ളും." (ലൂക്കോ, 12:45-47). "യജമാനൻ വരുന്നേരം ഉണർന്നിരിക്കുന്നവരായി കാണുന്ന ദാസന്മാർ ഭാഗ്യവാന്മാർ; അവൻ അര കെട്ടി അവരെ ഭക്ഷണത്തിന്നിരുത്തുകയും വന്നു അവർക്കു ശുശ്രൂഷ ചെയ്കയും ചെയ്യും എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു." (ലൂക്കോ, 12:37). എന്റെ പ്രിയപ്പെട്ട സഹോദരങ്ങളെ, നിങ്ങൾ ഏതു മേഖലയിൽ പ്രവർത്തിക്കുന്നവരായാലും അതെല്ലാം വിട്ടു

കൊണ്ട് കർത്താവിന്റെ വരവിനായി ഒരുങ്ങണമെന്നല്ല; കർത്താവിന്റെ വരവിൽ എടുക്കപ്പെടുവാൻ ഒരുക്കമുള്ളൊരു ഹൃദയം നിങ്ങൾക്ക് ഉണ്ടാകണമെന്നാണ് ഈയുള്ളവന്റെ ആഗ്രഹം. മണവാളന്റെ വരവിനായി ഒരുങ്ങിയിരിക്കുന്ന മണവാട്ടിയെപ്പോലെ, തൊട്ടടുത്ത നിമിഷം തന്നെ ചേർക്കുവാൻ പ്രാണപ്രിയൻ വരുമെന്ന പ്രത്യാശയോടെ ജീവിക്കുവാൻ കരുണാമയനായ കർത്താവ് സഹായിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്;

12/12/2018 ക്രിസ്തേശുവിന്റെ ബദ്ധൻ
ഫോർട്ടുകൊച്ചി റോയി ആൻഡ്രൂസ്